# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കോട്ടാങ്ങൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSAPTA P7/1196/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 12/12/2023
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോട്ടാങ്ങൽ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കോട്ടാങ്ങൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോട്ടാങ്ങൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAPTA P7/1196/2023 തീയ്യതി: 12/12/2023

## പത്തനംതിട്ട ജില്ലയിലെ കോട്ടാങ്ങൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

പത്തനംതിട്ട ജില്ലയിലെ കോട്ടാങ്ങൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-10-2022 മുതൽ 31-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 28 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 08-12-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സ്നിഗ്ധ എസ് | ഡെപ്യൂട്ടി ഡയറക്ടർ | 01-12-2023 | 08-12-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 01-12-2023 | 08-12-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. ഹരികുമാർ എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി സുിത റ്റി., സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. അരുൺകുമാർ എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.അനിൽകുമാർ പി., സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി ആശ എം. കുഝവിള, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ബിനു ജോസഫ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി ബിന്ദു എ. ജോയ് | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഫ്രാൻസിസ് ജേക്കബ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ. വിപിൻ നാഥ് എസ്.എസ്. | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 31-03-2023 |
| ഡോ. അർച്ചന എസ് | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2022 | 31-03-2023 |
| ഡോ. പൗർണ്ണമി വി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 14-04-2022 |
| ഡോ. ജയചന്ദ്രൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 15-04-2022 | 30-06-2022 |
| ഡോ. പൗർണ്ണമി വി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-07-2022 | 15-07-2022 |
| ഡോ. സന്തോഷ് കെ. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 16-07-2022 | 31-12-2022 |
| ഡോ. ഭക്തി പി ജോസഫ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-01-2023 | 31-03-2023 |
| ശ്രീമതി ജ്യോതി എസ്. നായർ | ഹെഡ് മിസ്ട്രസ്സ് | 01-04-2022 | 31-03-2023 |
| ശ്രീമതി ശ്രുതി മുരളി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി ജലജാമണി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 01-04-2022 | 29-04-2022 |
| ശ്രീ.എബ്രഹാം പി.എസ്. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 30-04-2022 | 22-07-2022 |
| ശ്രീമതി ആതിര എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 23-07-2022 | 10-11-2022 |
| ശ്രീമതി അഞ്ജലി സന്തോഷ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 11-10-2022 | 31-03-2023 |
| ശ്രീ.എബ്രഹാം പി.എസ്. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-11 | 01-04-2022 | 22-07-2022 |
| ശ്രീമതി ആതിര എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-11 | 23-07-2022 | 10-10-2022 |
| ശ്രീമതി അഞ്ജലി സന്തോഷ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-11 | 11-10-2022 | 08-01-2023 |
| ശ്രീ.ഫിന്നി കെ. രാജു | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-11 | 09-01-2023 | 31-03-2023 |
| ഡോ.മിനു ജോസഫ് ടി. | മെഡിക്കൽ ഓഫീസർ(അലോപ്പതി) | 01-04-2022 | 23-06-2022 |

| | | | |
|---|---|---|---|
| ഡോ.ലാവണ്യ രാജൻ | മെഡിക്കൽ ഓഫീസർ(അലോപ്പതി) | 24-06-2022 | 31-03-2023 |
| ശ്രീ.ശ്രീകുമാർ ജെ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 02-11-2022 |
| ശ്രീമതി റോഷ്ന കരീം | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 03-11-2022 | 31-03-2023 |
| ശ്രീമതി ജെസി തോമസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി സുചിത്ര. എസ് | കൃഷി ഓഫീസർ (ഇൻ ചാർജ്) | 01-04-2022 | 02-08-2022 |
| ശ്രീമതി വിന്നി മാത്യു | കൃഷി ഓഫീസർ | 03-08-2022 | 31-03-2023 |

## <u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-2 |
| 4 | ഡിമാന്റ് എൻട്രികൾ സമയ ബന്ധിതമായി രേഖപ്പെടുത്തുന്നില്ല | 1-1-3 |
| 5 | നിക്ഷേപ പ്രവൃത്തികൾ-രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-1-4 |
| 6 | ലൈഫ് മിഷൻ വായ്പ- വാർഷിക കണക്കുകൾ പ്രകാരമുള്ള നീക്കിയിരിപ്പ് കൃത്യമല്ല | 1-1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി-വരവ് ചെലവ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | ബെനിഫിഷറി കോൺട്രിബ്യൂഷൻ-ബാധ്യതയായി രേഖപ്പെടുത്തിയിട്ടുള്ള തുകയ്ക്ക് കൃത്യതയില്ല | 1-1-7 |
| 9 | നീക്കിയിരിപ്പ് തുക പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | സംയുക്തപദ്ധതി വരവ് ചെലവ് കണക്കുകൾ ഉൾപ്പെടുത്തിയില്ല | 1-1-9 |
| 11 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-10 |
| 12 | ചെലവുകൾ ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ബുക്ക് ചെയ്തില്ല | 1-1-11 |
| 13 | ജേണൽ വൗച്ചറുകൾക്ക് ആധികാരികതയില്ല | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | സാമ്പത്തിക വിശകലനം | 1-3 |
| 16 | ഗ്രാന്റ് വിനിയോഗം | 1-4 |
| 17 | ഗ്രാന്റ് വിനിയോഗം- സ്റ്റേറ്റ്മെന്റിലെ അപാകതകൾ | 1-4-1 |
| 18 | പദ്ധതി അവലോകനം | 1-5 |
| 19 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 20 | ക്ഷേമ പെൻഷനുകൾ | 1-7 |
| 21 | കാഷ് ബാലൻസ് പരിശോധന | 1-8 |
| 22 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 23 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 24 | പഞ്ചായത്തിന്റെ സാമ്പത്തികനില ഭദ്രമല്ല | 1-11 |
| 25 | തനത് വിഭവസമാഹരണം - അവലോകനം | 1-12 |
| 26 | ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പ്രവർത്തനം | 1-12-1 |
| 27 | നികുതി വരുമാനം | 1-12-2 |
| 28 | നികുതിയേതര വരുമാനം | 1-12-3 |
| 29 | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം വാണിജ്യാവശ്യത്തിനായി നിർണ്ണയിച്ചിരിക്കുന്ന കെട്ടിടങ്ങളെല്ലാം ലൈസൻസ് പരിധിയിൽ ഉൾപ്പെടുന്നില്ല | 1-13 |
| 30 | തൊഴിൽ നികുതി, ലൈസൻസ് പിരിവുകൾ കാര്യക്ഷമമാക്കേണ്ടതാണ് | 1-14 |
| 31 | വാടക വരവ് - അപാകങ്ങൾ | 1-15 |
| 32 | ഗ്രാമപഞ്ചായത്തിൽ മാട്ടിറച്ചി കച്ചവടം നടത്തുന്നതിനുള്ള അവകാശം ലേലം ചെയ്യുന്നില്ല-പഞ്ചായത്തിന് വരുമാന നഷ്ടം | 1-16 |
| 33 | ഭരണസമിതിയോഗം- മിനിട്ട്സ് തയ്യാറാക്കുന്നതിൽ ചട്ടപ്രകാരമുള്ള സമയപരിധി പാലിക്കുന്നില്ല | 1-17 |
| 34 | ഇ-ടെണ്ടർ ഫീസ് പിരിക്കുന്നതിന് അക്കൗണ്ട് ആരംഭിച്ചില്ല; ലഭിച്ച ഫണ്ട് ക്രെഡിറ്റ് ചെയ്യാൻ കഴിഞ്ഞതുമില്ല | 1-18 |
| 35 | ജി.എസ്.ടി - ലേറ്റ് ഫീസ് തനത് ഫണ്ടിൽ നിന്ന് ഒടുക്കി | 1-19 |

| | | |
|---|---|---|
| 36 | ഗ്രാമപഞ്ചായത്ത് പരേതർക്കും ക്ഷേമപെൻഷൻ വിതരണം ചെയ്യുന്നു | 1-20 |
| 37 | കരാർ പ്രകാരം ചെയ്യാത്ത പ്രവൃത്തിക്ക് പ്രതിഫലം നൽകി- 20765 രൂപയുടെ നഷ്ടം | 1-21 |
| 38 | 88-ാം നമ്പർ അങ്കണവാടി പുനരുദ്ധാരണം-ടെണ്ടർ ഡിഡക്ഷൻ ബില്ലിൽ കുറവ് ചെയ്തില്ല; 27,040 രൂപ യുടെ നഷ്ടം | 1-22 |
| 39 | ഇമ്പൂർ അങ്കണവാടി- പുതിയ കെട്ടിടം നിർമ്മിച്ചിട്ടും പ്രവർത്തനം ആരംഭിച്ചില്ല | 1-23 |
| 40 | ആസ്തികൾ പൊതുജനങ്ങൾക്ക് പ്രയോജനപ്രദമാകുന്നില്ല-അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടത് അനിവാര്യം | 1-24 |
| 41 | അഗതികൾക്ക് ഭക്ഷണം നൽകുന്നില്ല | 1-25 |
| 42 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച തുക വിനിയോഗിച്ചില്ല; തുക തിരിച്ചടയ്ക്കണം | 1-26 |
| 43 | ലൈഫ് പദ്ധതി ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-27 |
| 44 | എസ്റ്റിമേറ്റ്/റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ വീഴ്ച | 1-28 |
| 45 | കമ്പ്യൂട്ടറുകൾക്ക് എഎംസി - കരാറിലെ വ്യവസ്ഥകൾ പാലിച്ചില്ല – ഫ്രീ സർവ്വീസ് നഷ്ടമായി | 1-29 |
| 46 | അനുപൂരക പോഷകാഹാര പദ്ധതി- സ്റ്റോക്ക് വിവരം രേഖപ്പെടുത്തുന്നതിൽ വീഴ്ച | 1-30 |
| 47 | ശുചിത്വ -മാലിന്യ സംസ്കരണ പ്രവൃത്തികളുടെ പുരോഗതി നിരീക്ഷിക്കേണ്ടതാണ് | 1-31 |
| | ഭാഗം 2 | |
| | — No Records Found — | |
| | ഭാഗം 3 | |
| 1 | കരാർ പ്രകാരം ചെയ്യാത്ത പ്രവൃത്തിക്ക് പ്രതിഫലം നൽകി- 20,765 രൂപയുടെ നഷ്ടം | 3-1 |
| 2 | 88-ാം നമ്പർ അങ്കണവാടി പുനരുദ്ധാരണം-ടെണ്ടർ ഡിഡക്ഷൻ ബില്ലിൽ കുറവ് ചെയ്തില്ല; -27,040 രൂപ യുടെ നഷ്ടം | 3-2 |
| 3 | ജി.എസ്.ടി സർചാർജ് - തനതു ഫണ്ടിൽ നിന്ന് ലേറ്റ് ഫീസ് ഒടുക്കി | 3-3 |
| | ഭാഗം 4 | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനുവൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 14-06-2023 ലെ 8/2-ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 26-06-2023-ൽ പിന്തുണയ്ക്കുന്ന രേഖകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കോട്ടാങ്ങൽ ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്തീ രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, കോട്ടാങ്ങൽ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

12-12-2023 ഡെപ്യൂട്ടി ഡയറക്ടർ, ജില്ല ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

കേരള പഞ്ചായത്തീരാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 62 പ്രകാരമുള്ള അടിസ്ഥാന അനുപാത കണക്ക് (Ratios), സെക്രട്ടറിയുടെ കുറിപ്പുകൾ (Notes On Accounts) എന്നിവ വാർഷിക കണക്കുകളോടൊപ്പം സമർപ്പിച്ചിട്ടില്ല.

### 1-1-2 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 7,25,529 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 20,01,201 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ട് തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും

പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-1-3 ഡിമാന്റ് എൻട്രികൾ സമയ ബന്ധിതമായി രേഖപ്പെടുത്തുന്നില്ല

വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ്, എന്നീ വരുമാനങ്ങൾ സംബന്ധിച്ച ഡിമാന്റ് എൻട്രികൾ സമയ ബന്ധിതമായി രേഖപ്പെടുത്തിയിട്ടില്ല. 2022-23 ലെ വസ്തുനികുതി തൊഴിൽ നികുതി, ലൈസൻസ് എന്നീ വരുമാനങ്ങൾ സംബന്ധിച്ച ഡിമാന്റ് എൻട്രികൾ 31-03-2023-ൽ ഒറ്റ 'എൻട്രി' ആയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

### 1-1-4 നിക്ഷേപ പ്രവൃത്തികൾ-രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ച തുകയുടെ നീക്കിയിരിപ്പ് കൃത്യമല്ല. ആയതിന് കൃത്യമായ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

### 1-1-5 ലൈഫ് മിഷൻ വായ്പ- വാർഷിക കണക്കുകൾ പ്രകാരമുള്ള നീക്കിയിരിപ്പ് കൃത്യമല്ല

ഷെഡ്യൂൾ ബി-5: Secured Loan From Kurdfc- വാർഷിക കണക്കുകൾ പ്രകാരമുള്ള നീക്കിയിരിപ്പ് തുകയും (₹ 21,92,453) യഥാർത്ഥ തുകയും (₹ 18,47,756) തമ്മിൽ 3,44,697 രൂപയുടെ വ്യത്യാസമുണ്ട്.

### 1-1-6 തൊഴിലുറപ്പ് പദ്ധതി-വരവ് ചെലവ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്കുകൾ പ്രകാരമുള്ള തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് കണക്കുകൾ, അഡ്വാൻസ് എന്നിവ യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

### 1-1-7 ബെനിഫിഷറി കോൺട്രിബ്യൂഷൻ-ബാധ്യതയായി രേഖപ്പെടുത്തിയിട്ടുള്ള തുകയ്ക്ക് കൃത്യതയില്ല

ഷെഡ്യൂൾ ബി-4: Beneficiary Contribution- മുൻവർഷങ്ങളിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ബാധ്യതയായി രേഖപ്പെടുത്തിയിരിക്കുന്നു. കൃത്യമായ രേഖകൾ ഇല്ലാത്തതിനാൽ നീക്കിയിരിപ്പ് തുകയുടെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടില്ല.

### 1-1-8 നീക്കിയിരിപ്പ് തുക പൊരുത്തപ്പെടുന്നില്ല

ഷെഡ്യൂൾ ബി-15: Receivables Of Redemption- വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ള തുകയും യഥാർത്ഥ തുകയും തമ്മിൽ 3 ലക്ഷം രൂപയുടെ വ്യത്യാസമുണ്ട്.

### 1-1-9 സംയുക്തപദ്ധതി വരവ് ചെലവ് കണക്കുകൾ ഉൾപ്പെടുത്തിയില്ല

സംയുക്ത പദ്ധതിക്ക് (അങ്കണവാടി നിർമ്മാണം) ജില്ലാപഞ്ചായത്തിൽ നിന്ന് ലഭിച്ച 7 ലക്ഷം രൂപ വരവ് ചെലവ് കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-10 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരം ആസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടുള്ളത്.

### 1-1-11 ചെലവുകൾ ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ബുക്ക് ചെയ്തില്ല

1.ഷെഡ്യൂൾ I-11: Other Insurance Charge – തുക (-) ആയി രേഖപ്പെടുത്തിയിരിക്കുന്നു.

2.ഷെഡ്യൂൾ I-10-: Pension Contribution-Full Time Contingent Staff (-) ആയി രേഖപ്പെടുത്തിയിരിക്കുന്നു.

### 1-1-12 ജേണൽ വൗച്ചറുകൾക്ക് ആധികാരികതയില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽ ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7). ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായി സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ എന്നിവ സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്.

## 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 23.03.2022 തീയതിയിലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. 15.03.2023-ലെ 2(1)-ാം നമ്പർ തീരുമാന പ്രകാരം പരിഷ്കരിച്ച ബജറ്റും

അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരവും, റസീറ്റ് & പേയ്മെന്റ് പത്രിക (R&P), ഇൻകം &എക്സ്പെൻഡിച്ചർ പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് | റസീറ്റ് & പേയ്മെന്റ് പത്രിക | ഇൻകം & എക്സ്പെൻഡിച്ചർ പത്രിക |
|---|---|---|---|
| മുന്നിരിപ്പ് | 964684 | 9518015 | |
| വരവ് | 95267000 | 25546100 | |
| ആകെ | 96231684 | 35064115 | 93467390 |
| ചെലവ് | 95001148 | 24820571 | 93305978 |
| നീക്കിയിരിപ്പ് | 1230536 | 10243544 | |

## 1-3 സാമ്പത്തിക വിശകലനം

| | റസീപ്റ്റ് &പേയ്മെന്റ് അക്കൗണ്ട് | ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് |
|---|---|---|
| മുന്നിരിപ്പ് | 9518015 | |
| വരവ് | 25546100 | |
| ആകെ വരവ് | 35064115 | 93467390 |
| ചെലവ് | 24820571 | 93305978 |
| നീക്കിയിരിപ്പ് | 10243544 | |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (അലോട്ട്മെന്റ് ലഭിച്ചത്) | ആകെ | ചെലവ് | നീക്കിയിരിപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | ഇല്ല | 11628540 | 11628540 | 9929243 | — | 1699297 |
| വികസന ഫണ്ട്-എസ്.സി.പി | " | 3380000 | 3380000 | 3319333 | — | 60667 |
| വികസന ഫണ്ട് റ്റി.എസ്.പി | " | Xx | Xx | Xx | Xx | Xx |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 943826 | 3064000 | 4007826 | 2631932 | 1375894 | — |
| " (ക്യാരി ഓവർ വിഹിതം) | ഇല്ല | 114000 | 114000 | 37160 | — | 76840 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്) | 252540<br>പലിശ | 2043000<br>90586 | 2386126 | 1818070 | 568056 | — |
| " (ക്യാരി ഓവർ വിഹിതം) | ഇല്ല | 476849 | 476849 | 419960 | — | 56889 |
| മെയിന്റനൻസ് ഗ്രാന്റ്- റോഡ് | " | 4911000 | 4911000 | 4160417 | — | 750583 |
| മെയിന്റനൻസ് ഗ്രാന്റ്- നോൺ- | " | 4570000 | 4570000 | 3451754 | — | 1118246 |

| | | | | | | |
|---|---|---|---|---|---|---|
| റോഡ് | | | | | | |
| ഹെൽത്ത് ഗ്രാന്റ് | " | 463282 | 463282 | 166176 | 297106 | |
| ലൈഫ്- സംസ്ഥാന വിഹിതം | " | 600000 | 600000 | 403068 | 196932 | |
| സാക്ഷരത | 59086 | 2354 | 61440 | — | 61440 | |
| സമ്പൂർണ്ണ ശുചിത്വം | 921632 | — | 921632 | 108480 | 813152 | |
| ഐ.സി.ഡി.എസ്. | 562929 | 818162 | 1381091 | 579345 | 801746 | |
| എം.ജി-എൻ. ആർ.ഇ.ജി.എസ് | 1131 | 18659152 | 18660283 | 18660283 | — | |
| ശുചിത്വമിഷൻ | 16000 | 130000 | 146000 | — | 146000 | |

## 1-4-1 ഗ്രാന്റ് വിനിയോഗം- സ്റ്റേറ്റ്മെന്റിലെ അപാകതകൾ

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വിവിധ വിഭാഗങ്ങളിൽനിന്നും സ്രോതസ്സിൽ കുറവ് ചെയ്ത തുക വരവിൽ(അലോട്ട്മെന്റ്) ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം (സോഴ്സ് ഡിഡക്ഷൻ) | വരവ് തുക |
|---|---|---|
| വികസന ഫണ്ട്-ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 8,95,712 |
| " | അങ്കണവാടി അധിക വേതനം | 8,32,200 |
| വികസന ഫണ്ട്-എസ്.സി.പി | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 3,23,712 |

കുറിപ്പ്:- ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ് ) ചെലവ്, സ്വലേഖ സ്റ്റേറ്റ്മെന്റ്, എ.സി.ആർ. എന്നിവയുമായി 23,433 രൂപയുടെ വ്യത്യാസമുണ്ട്. 2022മാർച്ച് മാസത്തെ റിക്കവറി തുക, ഏപ്രിൽ 2023 ലാണ് അടച്ചിട്ടുള്ളത്. ആ വ്യത്യാസമാണ് നിലനിൽക്കുന്നത്.

## 1-5 പദ്ധതി അവലോകനം

2022-23 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 153 | 74038773 | 127 | 36593611 | 26 | 83% |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | അടങ്കൽ | ചെലവ് | ചെലവ് (%) |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 11 | 11 | 2067867 | 2002275 | 97% |
| വെറ്ററിനറി സർജൻ | 3 | 3 | 979000 | 858380 | 88% |
| മെഡിക്കൽ ഓഫീസർ- പി.എച്ച്.സി. | 7 | 7 | 1835412 | 1478053 | 81% |
| മെഡിക്കൽ ഓഫീസർ- ഹോമിയോ | 2 | 2 | 175000 | 174765 | 99% |
| മെഡിക്കൽ ഓഫീസർ- ആയുർവേദം | 3 | 3 | 530000 | 529986 | 99% |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ & | 21 | 19 | 39448941 | 12668293 | 32% |

| | | | | | |
|---|---|---|---|---|---|
| ലേഡിവില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | | | | | |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 8 | 4287798 | 2940444 | 69% |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 3 | 3 | 2221140 | 1331971 | 60% |
| സെക്രട്ടറി | 31 | 23 | 6529171 | 5082913 | 78% |
| ഹെഡ്മാസ്റ്റർ, ഗവ. എൽ.പി.എസ് | 7 | 7 | 1268710 | 1134324 | 89% |
| അസിസ്റ്റന്റ് എഞ്ചിനിയർ | 45 | 30 | 12054964 | 6870346 | 60% |
| അസി.സെക്രട്ടറി | 9 | 8 | 1604770 | 1314662 | 82% |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 3 | 3 | 1036000 | 207199 | 20% |
| ആകെ | 153 | 127 | 74038773 | 36593611 | 49.42% |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷം തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവ് വിവരംചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 1131 | 1668342 | 1669473 | 1669473 | — |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 16990810 | 16990810 | 16990810 | — |
| ആകെ | 1131 | 18659152 | 18660283 | 18660283 | — |

## 1-7 ക്ഷേമ പെൻഷനുകൾ

തദ്‌വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 11,58,400 | 86 |
| മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 20,27,000 | 164 |
| വിധവാപെൻഷൻ | 57,45,200 | 432 |
| വാർദ്ധക്യകാല പെൻഷൻ | 1,85,15,900 | 1544 |
| അവിവാഹിതരായ 50 വയസ്സിനുമേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 1,62,600 | 10 |

## 1-8 കാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.12.2023-ന് 12.30 മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3,960 (മൂവായിരത്തി തൊള്ളായിരത്തി അറുപത് രൂപ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും മെച്ചപ്പെടേണ്ടതായിട്ടുണ്ട്. ഓഫീസ് ജോലി വിഭജനം കൃത്യമായി നടപ്പാക്കിയിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം മികച്ച രീതിയിൽ നടപ്പാക്കിയിട്ടുണ്ട്. രജിസ്റ്ററുകളും രേഖകളും കൈകാര്യം ചെയ്യുന്നതിലും സൂക്ഷിക്കുന്നതിലും കുറച്ചുകൂടി കാര്യക്ഷമത പുലർത്തേണ്ടതായിട്ടുണ്ട്. ജീവനക്കാർ സ്ഥലം മാറിപ്പോകുമ്പോൾ

ജോലിയിലെ തുടർച്ചയും രജിസ്റ്ററുകളും രേഖകളും കൈകാര്യം ചെയ്യുന്നതിലെ സൂക്ഷ്മതയും നഷ്ടപ്പെടുന്നതായി പരിശോധനയിൽ ബോധ്യപ്പെട്ടു.

പദ്ധതികളുടെ നിർവഹണത്തിലും മോണിറ്ററിംഗിലും ജീവനക്കാരും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളും വേണ്ടത്ര ജാഗ്രത കാണിക്കുന്നില്ല. പദ്ധതി പ്രവർത്തനം കാര്യക്ഷമമായും സമയബന്ധിതമായും നടപ്പാക്കുന്നില്ല. തത്ഫലമായി സ്പിൽ ഓവർ പ്രവൃത്തികൾ കൂടുകയും തൻ വർഷത്തെ പദ്ധതി പ്രവർത്തനത്തിന് മതിയായ ഫണ്ട് ലഭിക്കാതെ വരികയും ചെയ്യുന്ന പ്രവണത നിലനിൽക്കുന്നു. ഗ്രാമപഞ്ചായത്തിലെ ആസ്തികളുടെ സംരക്ഷണം, പരിപാലനം എന്നിവക്ക് പ്രാധാന്യം നൽകുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്.

മരണപ്പെടുന്ന ക്ഷേമപെൻഷൻ ഗുണഭോക്താക്കളെ യഥാസമയം പെൻഷൻ ഡാറ്റാബേസിൽ നിന്നും നീക്കം ചെയ്യുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ട്. തത്ഫലമായി സർക്കാർ ഫണ്ടിന് നഷ്ടം ഉണ്ടായിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് പുറപ്പെടുവിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.06.2008 | 1997-98 മുതൽ 2007-08വരെ | 06-08-2008 |
| പെർഫോമൻസ് ഓഡിറ്റ് | 27.06.22-28.06.22 | 2022 ജനുവരി - 2022 മാർച്ച് | ലഭിച്ചിട്ടില്ല |

## 1-11 പഞ്ചായത്തിന്റെ സാമ്പത്തികനില ഭദ്രമല്ല

2022-23 സാമ്പത്തിക വർഷത്തെ തനത് വരവ് - ചെലവ് കണക്കുകൾ പരിശോധിച്ചതിൽ ഗ്രാമപ്പഞ്ചായത്തിന്റെ സാമ്പത്തികനില ഭദ്രമല്ല എന്ന് കാണുന്നു. നികുതി/നികുതിയേതര വരവുകൾ, ഗ്രാമപഞ്ചായത്തിന്റെ എസ്റ്റാബ്ലിഷ്മെന്റ് /അഡ്മിനിസ്റ്റേറ്റീവ് ചെലവുകൾ നടത്തുന്നതിന് പര്യാപ്തമല്ല. കണക്കുകൾ പ്രകാരം പഞ്ചായത്തിന്റെ ധനകമ്മി 85.9 ലക്ഷം രൂപയാണ്. വിശദവിവരം ചുവടെ ചേർക്കുന്നു. (Income & Expenditure Statement പ്രകാരമുള്ളത്).

| ഷെഡ്യൂൾ | തനത് വരുമാനം | തുക | ഷെഡ്യൂൾ | ചെലവ് | തുക |
|---|---|---|---|---|---|
| I-1 | Tax Revenue | 32,42,362 | I-10 | Establishment Expenses | *1,09,12,605* |
| I-3 | Rental Income | 1,93,347 | | | |
| I-4 | Fees User Charges | 5,23,054 | I-11 | Administrative Expenses | *6,10,278* |
| I-5 | Sale Hire Charges | 21,115 | I-12 | Operations Maintenance | 16,85,625 |
| I-8 | Interest Earned | 61,317 | I-13 | Interest Finance Charges | 3,717 |
| I-9 | Other Income | 74,507 | | | |
| | **ആകെ** | **41,15,702** | | | **1,32,12,225** |

**മിച്ച ഫണ്ട് (1,32,12,225 - 41,15,702) : -(9096523)**

സാമ്പത്തിക വർഷം പൊതുആവശ്യ ഗ്രാന്റായി **85,92,000** രൂപയാണ് ലഭിച്ചിട്ടുള്ളത്. പൊതുആവശ്യ ഗ്രാന്റ് ലഭിക്കുന്നതുകൊണ്ട് മാത്രമാണ് ജീവനക്കാർക്കുള്ള ശമ്പളം, ജനപ്രതിനിധികൾക്കുള്ള ഓണറേറിയം, വൈദ്യുതചാർജ്, വെള്ളക്കരം എന്നിവ മുടക്കം കൂടാതെ നല്കുവാൻ കഴിയുന്നത്.

അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ ചുമതലകളും ഉത്തരവാദിത്തങ്ങളും കൈവന്നിട്ടുണ്ട്. ഈ ചുമതലകളും ഉത്തരവാദിത്തങ്ങളും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് കൂടുതൽ വിഭവങ്ങൾ ആവശ്യമാണ്. ആയതിനാൽ നികുതി/നികുതിയേതര സ്രോതസ്സുകളിൽനിന്നുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനും, അതുപോലെതന്നെ സ്ട്രീറ്റ് ലൈറ്റ്, പൊതുടാപ്പുകളുടെ വെള്ളക്കരം പോലെയുള്ള ആവർത്തന ചെലവുകൾ പരമാവധി കുറച്ചുകൊണ്ടുവന്ന് പഞ്ചായത്തിന്റെ ധനകമ്മി നിവാരണം ചെയ്യുന്നതിനും, ക്ഷേമ വികസന പ്രവർത്തനങ്ങൾക്ക് സർക്കാർ ഗ്രാന്റിനെ മാത്രം ആശ്രയിക്കാതെ എല്ലാ സ്രോതസ്സുകളും പൂർണ്ണമായി പ്രയോജനപ്പെടുത്തി പരമാവധി വിഭവം സാധ്യമായ

മാർഗ്ഗങ്ങളിൽനിന്നെല്ലാം സ്വരൂപിക്കുന്നതിനും പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ശ്രമം ഉണ്ടാകേണ്ടതാണ്.

## 1-12 തനത് വിഭവസമാഹരണം - അവലോകനം

ടൗൺ ഏരിയ കുറവുള്ള പഞ്ചായത്താണിത്. വെള്ളപ്പൊക്കഭീഷണിയും ഉരുൾപൊട്ടലും ഉണ്ടാകുന്ന കോട്ടാങ്ങൽ പഞ്ചായത്തിന് തനത് വരുമാനം തീരെ കുറവാണ്. പ്രധാന തനത് വരുമാനം വസ്തു നികുതിയാണ്. തൊഴിൽ നികുതി, ലൈസൻസ് ഫീസുകൾ, വാടക ഇടങ്ങിയവയാണ് സർക്കാർ ഗ്രാന്റുകൾക്ക് പുറമെയുള്ള മറ്റ് വരുമാന മാർഗങ്ങൾ. 41 ലക്ഷം രൂപയാണ് പൊതു ആവശ്യ ഗ്രാന്റ് കൂടാതെയുള്ള തൻവർഷത്തെ ആകെ തനതു വരുമാനം. ഗ്രാമപഞ്ചായത്തിന്റെ എസ്റ്റാബ്ലിഷ്മെന്റ്/ അഡ്മിനിസ്ട്രേറ്റീവ് ചെലവുകളിൽ വർഷാവർഷം വർദ്ധനവ് വന്നിട്ടുണ്ടെങ്കിലും തനത് വരുമാനത്തിൽ ആനുപാതിക വർദ്ധനവുണ്ടായിട്ടില്ല. ചെലവുകൾ വർദ്ധിച്ച് വരുന്ന സാഹചര്യം കണക്കിലെടുത്ത് തനത് വരുമാന സ്രോതസ്സുകൾ പ്രയോജനപ്പെടുത്തുന്നതിലും പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിലും ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

ആറാം ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരവും, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ 11.07.2023-ലെ ഡി.കെ.എസ്.എ.3683/എസ്.എസ്. 3/2019 പ്രകാരം ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് കോട്ടാങ്ങൽ ഗ്രാമപഞ്ചായത്തിൽ നടത്തിയ പരിശോധന പ്രകാരം ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

## 1-12-1 ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

ആറാം ധനകാര്യകമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിക്കായി സ.ഉ (കൈ)നം.117/2022/എൽ.എസ്.ജി.ഡി. തീയതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നമ്പർ 2-ആയി എല്ലാ പ്രാദേശിക സർക്കാരും നികുതി വരുമാനത്തിന്റെ ഡി.സി.ബി. സ്റ്റേറ്റ്മെന്റ് തയ്യാറാക്കി മൂന്നു മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ചചെയ്ത് ഉദ്യോഗസ്ഥർക്ക് വേണ്ട നിർദ്ദേശം നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം നടപടികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ, ഭരണ സമിതിയോ സ്വീകരിച്ചതായി കാണുന്നില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസവും മീറ്റിംഗ് കൂടിയിട്ടുണ്ടെങ്കിലും പുതിയ തനത് വരുമാനങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ അവതരിപ്പിക്കുന്നതായോ, ലഭ്യമായ തനത് വരുമാനം പിരിച്ചെടുക്കുന്നതിന്റെ പുരോഗതി വിലയിരുത്തിയതായോ മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല. നികുതി/നികുതിയേതര വരുമാനം പൂർണ്ണമായും പിരിച്ചെടുക്കുന്നതിന് ക്യാമ്പ് കളക്ഷനുകൾ നടത്തുന്നതിന് തീരുമാനം എടുക്കുകയും ആയതിനനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്(ഏപ്രിൽ/22,മേയ്/22,നവമ്പർ/22,ഫെബ്രുവരി/23 മാസങ്ങളിൽ). വരവ്-ചെലവ് കണക്കുകളുടെ അംഗീകാരമാണ് പ്രധാന അജണ്ടയായി ഉൾപ്പെടുത്തിയിട്ടുള്ളത്.

ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിക്കായി കൃത്യമായ ഇടവേളകളിൽ നികുതി വരുമാനത്തിന്റെ പിരിച്ചെടുക്കൽ വിലയിരുത്തി ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും പഞ്ചായത്തിന് പിരിഞ്ഞുകിട്ടേണ്ടതായ തുകകൾ പൂർണ്ണമായും പിരിച്ചെടുത്തുവെന്ന് ഉറപ്പു വരുത്തുന്നതിനും ധനകാര്യ സ്റ്റാന്റിംഗ്കമ്മറ്റി ശ്രദ്ധ പുലർത്തേണ്ടതാണ്.

**ബജറ്റ് – വാർഷിക ധനകാര്യ പത്രിക– വരവിനങ്ങളുടെ താരതമ്യം**

ഗ്രാമ പഞ്ചായത്തിന്റെ മൊത്തം വരവ്-ചെലവ് കണക്കുകളാണ് ബജറ്റിൽ പ്രതിഫലിക്കേണ്ടത്. ഗ്രാമ പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയെപ്പറ്റി കൃത്യമായ ധാരണ നൽകുന്നതായിരിക്കണം ബജറ്റ്. 2022-23 വർഷത്തെ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ പ്രകാരമുള്ള പ്രതീക്ഷിത വരവും, സ്ഥാപനത്തിലെ വാർഷിക കണക്ക പ്രകാരം ലഭ്യമായ വരവും തമ്മിൽ താഴെ പറയുന്ന ഇനങ്ങളിൽ വലിയ വ്യത്യാസം കാണുന്നു.

| ഇനം | ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | വാർഷിക കണക്ക പ്രകാരം ലഭ്യമായ വരവ് | വ്യത്യാസം |
|---|---|---|---|
| തൊഴിൽ നികുതി | 11,00,000 | 7,18,890 | -3,81,110 |
| വാടക | 2,50,000 | 1,44,784 | -1,05,216 |

| | | | |
|---|---|---|---|
| ലൈസൻസ് | 40,000 | 1,21,300 | 81,300 |
| പെർമിറ്റ് ഫീ | 2,00,000 | 1,83,700 | -16,300 |

പഞ്ചായത്തിന്റെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും യാഥാർത്ഥ വരവും തമ്മിൽ ഇത്രയും അന്തരം വരുമ്പോൾ ബജറ്റിന്റെ രൂപീകരണം യാതൊരു മുന്നൊരുക്കവും കൂടാതെയാണ് നടത്തിയിരിക്കുന്നത് എന്ന് വ്യക്തമാണ്. ബജറ്റ് യാഥാർത്ഥ്യത്തോട് ചേർന്ന നിൽക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-12-2 നികുതി വരുമാനം

### 1. വസ്തു നികുതി

ഗ്രാമപഞ്ചായത്തിന്റെ പ്രധാന വരുമാനമാർഗ്ഗമാണ് വസ്തു നികുതി. ഗ്രാമപഞ്ചായത്തിൽ ആകെ 13 വാർഡുകളുണ്ട്. വസ്തുനികുതി ഇനത്തിൽ തൻവർഷത്തെ ഡിമാന്റ്-കളക്ഷൻ-ബാലൻസ് തുകയുടെ വിവരം താഴെ ചേർക്കുന്നു.

| വരവിനം | | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|---|
| വസ്തു നികുതി | AFS | 3242362 | 2934429 | 307933 |
| (തൻവർഷം) | സഞ്ചയ | 3242362 | 2936409 | 305953 |
| വസ്തു നികുതി | AFS | 17345715* | 654163 | 16691552 |
| (അരിയർ) | സഞ്ചയ | 1278582 | 653427 | 625155 |

(* 2021-22 വാർഷിക ധനകാര്യ പത്രിക B-15 പ്രകാരമുള്ളത്)

**വസ്തു നികുതി വരവിന്റെ കൃത്യത**

ILGMS സംവിധാനത്തിൽ രേഖപ്പെടുത്തുന്ന വസ്തു നികുതി വരവ്, ഓൺലൈൻ ആയി സഞ്ചയ ഡാറ്റാബേസിൽ അതേ സമയം തന്നെ രേഖപ്പെടുത്തുന്നതാണ്. എന്നാൽ സാങ്കേതിക കാരണങ്ങളാൽ ഇന്റഗ്രേറ്റഡ് രസീതി മുഖേനയും ഔട്ട്ഡോർ കളക്ഷനിലൂടെയും വസ്തു നികുതി പിരിക്കുമ്പോൾ ILGMS ൽ വരവ് വെക്കുന്ന തുക പിന്നീട് സഞ്ചയയിൽ ഓരോ കെട്ടിടത്തിനുനേർക്കും വരവ് രേഖപ്പെടുത്തേണ്ടതായുണ്ട്. ഇത്തരത്തിൽ സഞ്ചയയിൽ വരവ് രേഖപ്പെടുത്തുന്നതിൽ വീഴ്ച വരുത്തിയാൽ സഞ്ചയയിലേയും ILGMS ലെയും വരവ് വ്യത്യാസപ്പെടുന്നതാണ്. ഓൺലൈൻ ആയി ഒടുക്കുന്ന നികുതി സഞ്ചയയിലും ILGMS ലും വരവ് വെക്കപ്പെടുമെങ്കിലും ബാങ്കിൽ തുക ക്രെഡിറ്റ് ആകുന്നതിൽ 6-8 ദിവസത്തെ കാലതാമസം ഉണ്ടാകുന്നുണ്ട്. ഓൺലൈൻ ആയി ഒടുക്കിയ തുക ബാങ്കിൽ വരവു വയ്ക്കപ്പെടുന്നുണ്ടെന്ന് നിശ്ചിത ഇടവേളകളിൽ നിരീക്ഷിക്കാതിരുന്നാൽ നഷ്ട സാധ്യത ഉണ്ടാകുന്നതാണ്.

2022-23 വർഷത്തെ വാർഷിക കണക്ക്, സഞ്ചയ DCB എന്നി പ്രകാരമുള്ള ആകെ വരവിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| ഇനം | വരവ് (രൂപ) |
|---|---|
| AFS പ്രകാരം വസ്തു നികുതി വരവ് | 35,88,591 |
| സഞ്ചയ DCB പ്രകാരം വരവ് | 35,89,836 |

**2023 ലെ വസ്തു നികുതി പരിഷ്കരണ നടപടികളുടെ പുരോഗതി വിലയിരുത്തൽ**

സ.ഉ (കൈ) നം. 77/2023/എൽ.എസ്.ജി.ഡി., തീയതി 22.03.2023 പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. ഉത്തരവു പ്രകാരമുള്ള വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ 02.05.2023 തീയതിയിലെ LSGD/PD/20073/2023-REV2 നമ്പർ പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കെട്ടിടങ്ങൾക്ക് അവയുടെ ഉപയോഗ ക്രമത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി നിരക്കുകൾ സ.ഉ(അച്ചടി) നം. 25/2023/എൽ.എസ്.ജി.ഡി., തീയതി 05.04.2023 പ്രകാരം ഉത്തരവായിട്ടുള്ളതാണ്. മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ കോട്ടാങ്ങൽഗ്രാമ പഞ്ചായത്ത് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ചു വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

2. നിലവിലുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിക്കുന്ന അന്തിമ തീരുമാനം എടുക്കുന്നതിനു മുന്നോടിയായി അതിന്റെ ഉദ്ദേശത്തെ സംബന്ധിച്ചും നികുതി നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയും നിരക്കുകളും കാണിച്ചു കൊണ്ടും ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചു കൊണ്ടുമുള്ള നോട്ടീസ് (പ്രാഥമിക നോട്ടീസ്) 29.04.2023-ലെ 3(1)-ാം നമ്പർ ഭരണ സമിതി തീരുമാന പ്രകാരം അംഗീകരിക്കുകയും അന്തിമ വിജ്ഞാപനം 21.08.2023-ലെ 2(1)-ാം നമ്പർ ഭരണ സമിതി തീരുമാന പ്രകാരം അംഗീകരിച്ച് 21.11.2023 തീയതിയിലെ മാതൃഭൂമി, ജനയുഗം എന്നീ പത്രങ്ങളിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

3. കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കുന്നതിനായി വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ.ടി.ഐ. ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ഐ.ടി.ഐ. സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയമിക്കാവുന്നതാണ്. ഇതിനായി പത്രവാർത്ത നൽകുകയും എംപ്ലോയ്മെന്റ് ആർ.ഐ.സെന്റർ, പോളിടെക്നിക് എന്നിവിടങ്ങളിൽ അറിയിക്കുകയും ചെന്നീർക്കര ഗവ. പോളിടെക്നിക്കിൽ നേരിട്ട് ബന്ധപ്പെടുകയും ചെയ്തിരുന്നു. നാല് പേർ സന്നദ്ധത പ്രകടിപ്പിച്ചുവെങ്കിലും നിലവിൽ ഒരാൾ മാത്രമാണ് ഇതിനായി തയ്യാറായി വന്നിട്ടുള്ളത്. ഇങ്ങനെ തെരഞ്ഞെടുക്കപ്പെടുന്നവർക്കുള്ള ട്രെയിനിംഗ്, ജിയോടാഗിംഗ് ഉൾപ്പെടെയുള്ളവ രേഖപ്പെടുത്തുന്നതിന് മൊബൈൽ ആപ്പ്, സഞ്ചയയിൽ യൂസർ ഐഡി എന്നിവ ഉൾപ്പെടെയുള്ള കാര്യങ്ങളും സജ്ജീകരിച്ചിട്ടില്ല.

4. ആക്ഷേപങ്ങൾ സ്വീകരിച്ചതിനുശേഷം മാറ്റങ്ങൾ വരുത്തിയ വസ്തു നികുതി നിരക്ക് 21.08.2023-ലെ 2(1)-ാം നമ്പർ ഭരണ സമിതി തീരുമാന പ്രകാരം അംഗീകരിക്കുകയും അടിസ്ഥാന വസ്തു നികുതി നിരക്ക് പട്ടിക 1-ആയും പഞ്ചായത്ത് പ്രദേശത്തെ വിവിധ മേഖലകളെ പട്ടിക 2-ആയും പട്ടിക 3 പ്രകാരം വിജ്ഞാപനം ചെയ്യേണ്ട റോഡുകളുടെ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. 21.08.2023-ൽ ഇതു സംബന്ധിച്ച അറിയിപ്പ് പഞ്ചായത്ത് വെബ്സൈറ്റിലും ഓഫീസ് നോട്ടീസ് ബോർഡിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

പ്രദേശത്തിന്റെ വികസന സ്ഥിതി, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ഒന്നാം പട്ടികയിൽ പറയുന്ന മാനദണ്ഡങ്ങൾക്കനുസരിച്ചാണ് മേഖലകൾ തരം തിരിക്കേണ്ടത്. എന്നാൽ ഇപ്രകാരമാണോ മേഖലകൾ തിരിച്ചിട്ടുള്ളത് എന്നത് വ്യക്തമല്ല. ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണെങ്കിലും അപ്രകാരം സൂക്ഷിച്ചിട്ടില്ല. നികുതി നിർണ്ണയത്തിനു ശേഷമുള്ള കൂട്ടിച്ചേർക്കലുകൾ/ഉപയോഗ ക്രമത്തിലുള്ള മാറ്റങ്ങൾ, നികുതിയിളവ് നേടിയ ശേഷം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ അനുമതിയില്ലാതെ കെട്ടിട വിസ്തീർണ്ണം വർദ്ധിപ്പിക്കൽ എന്നിവ സംബന്ധിച്ച് കെട്ടിട ഉടമകൾ നൽകിയ 110 ഓളം ഫോം 9B അപേക്ഷകൾ പഞ്ചായത്തിൽ ലഭ്യമായിട്ടുണ്ടെങ്കിലും ആയതിൽ നാളിതു വരെ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

ഫീൽഡ് സ്റ്റാഫിനെ നിയമിച്ച് കെട്ടിട ഉടമകൾ നൽകിയ 9B അപേക്ഷകളിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനും പഞ്ചായത്തിലെ മറ്റു കെട്ടിടങ്ങൾ പരിശോധിച്ച് കൂട്ടിച്ചേർക്കലുകളോ, ഉപയോഗ ക്രമത്തിലെ വ്യത്യാസമോ, അനധികൃത നിർമ്മാണങ്ങളോ ഉണ്ടെങ്കിൽ ആയവ കണ്ടെത്തി തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്ത് പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**സേവന ഉപനികുതി**

2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26,27 എന്നിവയും, ഒരു ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമങ്ങളിലെ വകുപ്പ് 207(1) പ്രകാരം ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകൾ, ഡ്രെയിനേജ് തുടങ്ങിയ സേവനങ്ങൾക്ക് ഗ്രാമ പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ഈ സേവനങ്ങൾ നൽകുന്നുണ്ടെങ്കിലും സേവന ഉപനികുതി ഈടാക്കുന്നില്ല. തനത് വരുമാനം കുറഞ്ഞ പഞ്ചായത്തായതിനാൽ സേവന ഉപനികുതി ഈടാക്കുന്നത് നികുതി വർദ്ധനവിന് കാരണമാകും, ഈ സാദ്ധ്യത പരമാവധി പ്രയോജനപ്പെടുത്തണമെന്നാണ് ഓഡിറ്റിന്റെ

അഭിപ്രായം.

**നികുതി ഇളവ് നൽകിയ കെട്ടിടങ്ങളുടെ പരിശോധന**

അനധികൃത ഇളവുകൾ നൽകിയതായി കാണുന്നില്ല.

**വിജ്ഞാപനങ്ങൾ പ്രകാരമുള്ള നിരക്ക് സഞ്ചയയിൽ ഉൾപ്പെടുത്തൽ**

2023 വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി അന്തിമമായി അംഗീകരിച്ച നിരക്കുകൾ സഞ്ചയയിൽ ഉൾപ്പെടുത്തി ഈടാക്കി തുടങ്ങിയിട്ടില്ല.

**അനധികൃത കെട്ടിടങ്ങൾ ക്രമവത്കരിക്കുന്നതിനുള്ള പുരോഗതി**

യു.എ. രജിസ്റ്റർ പ്രകാരവും സഞ്ചയ പ്രകാരവും ഗ്രാമപഞ്ചായത്തിൽ അനധികൃത കെട്ടിടങ്ങൾ ഒന്നും തന്നെയില്ല. 2023-24 സാമ്പത്തിക വർഷത്തിൽ 3/533-ാം വാർഡ് കെട്ടിടത്തിനെതിരെ ഉണ്ടായ പരാതി അസിസ്റ്റന്റ് എഞ്ചിനിയർ പരിശോധിച്ച്, 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 220(ബി)-യുടെ ലംഘനം, കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 220(ബി)-യുടെ ലംഘനം, KPBR-2019-ലെ ചട്ടം 23(1)-ന്റെ ലംഘനം, KPBR-2019-ൽ അനുശാസിക്കുന്ന PWD റോഡിൽ നിന്നുള്ള ദൂരപരിധി പാലിച്ചിട്ടില്ല എന്നിവ കണ്ടെത്തിയതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിനെത്തുടർന്ന് ടി കെട്ടിടം പൊളിച്ചുമാറ്റുന്നതിന് ഉടമസ്ഥന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

- വസ്തു നികുതി പരിഷ്കരണ നടപടികളുടെ ഭാഗമായുള്ള ഫീൽഡ് വിസിറ്റ് ആരംഭിച്ച് ഫോറം 9ബി ഡാറ്റാ എൻട്രി നടത്തുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.
- 81% മാത്രം വസ്തുനികുതി പിരിവാണ് സാമ്പത്തിക വർഷത്തിലുള്ളത്. കടിശ്ശിക പിരിച്ചെടുക്കുന്നതിലേയ്ക്ക് റവന്യൂറിക്കവറി നടപടികൾ സ്വീകരിക്കേണ്ടതാണ്.
- ഓൺലൈൻ ആയി ഒടുക്കുന്ന വസ്തു നികുതി അക്കൗണ്ടിൽ കൃത്യമായി വരുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ് .

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 1 തീയതി 01.12.2023 പ്രകാരം വിഷയം അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്)

**2. തൊഴിൽ നികുതി**

സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാധ്യസ്ഥരായവർ - സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാർ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ തുടങ്ങിയവരുടെ സമ്പൂർണ്ണ ഡേറ്റാബേസ് പഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. കോവിഡ്-19 മഹാമാരിക്ക് ശേഷം നിരവധി ആളുകൾ ഓൺലൈൻ സംവിധാനത്തിലൂടെ (Work From Home) ജോലി ചെയ്യുന്നുണ്ട്. ഇത്തരത്തിലുള്ള എല്ലാ പ്രൊഫഷണലുകളെയും ഉൾപ്പെടുത്തി സമ്പൂർണ്ണ ഡേറ്റാബേസ് തയ്യാറാക്കി നികുതിചോർച്ച ഒഴിവാക്കാവുന്നതാണ്. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ്) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008 തസ്വഭവ/തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള എല്ലാ റേഷൻ കടകളിലെയും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഈടാക്കിയിട്ടില്ല. കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 13 പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോടും അല്ലെങ്കിൽ കൈവശക്കാരനോടും മുറികൾ കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര് അടങ്ങിയിട്ടുള്ളതും, അങ്ങിനെയുള്ള ഏതൊരാളുടെയും തൊഴിലിനെയോ, കലയെയോ, ഉദ്യോഗത്തെയോ സംബന്ധിച്ചും അയാൾ വാടക കൊടുക്കുന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ചും അങ്ങനെ കൈവശം വച്ച കാലത്തെ സംബന്ധിച്ചും രേഖാമൂലമുള്ള ഒരു ലിസ്റ്റ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാനാവശ്യപ്പെടേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

**3. വിനോദ നികുതി**

കേബിൾ ടി.വി. നെറ്റ് വർക്ക് ദാതാക്കൾ ഉണ്ടെങ്കിൽ അവരിൽ നിന്നും വിനോദ നികുതി ഈടാക്കുന്നതിനായി ഈ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താവുന്നതാണ്.

## 1-12-3 നികുതിയേതര വരുമാനം

**1) എഫ് ടി ഇ & ഒ എസ് ലൈസൻസ്**

ഗ്രാമപഞ്ചായത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയത് പൂർണ്ണമല്ല. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഹരിതകർമ്മസേനയുടെ സേവനം പ്രയോജനപ്പെടുത്തിയും വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായുള്ള ഫീൽഡ് പരിശോധനയിലൂടെയും ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതാണ്. ലൈസൻസില്ലാതെ നിരവധി സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്. ഇത്തരം സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിച്ചിട്ടില്ല (ഉദാ റേഷൻ കടകൾ, ). ലൈസൻസിനുള്ള മിക്ക അപേക്ഷകളിലും മൂലധന നിക്ഷേപത്തിന്റെ വിശദാംശം രേഖപ്പെടുത്തിയിട്ടില്ല.

താരതമ്യേന ഉയർന്ന മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങളിൽ നിന്ന് പരമാവധി ലൈസൻസ് ഫീസ് ഈടാക്കുന്നതിന് സാധിക്കുന്ന തരത്തിൽ പരിശോധന കാര്യക്ഷമമാക്കേണ്ടതാണ്. ഉയർന്ന മൂലധന നിക്ഷേപം ഉണ്ടാകാൻ സാധ്യതയുള്ള സ്ഥാപനങ്ങളുടെ കാര്യത്തിൽ മൂലധന നിക്ഷേപത്തിന്റെ കൃത്യത വ്യക്തമായ രേഖകൾ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232 അനുസരിച്ചുള്ള FTE&OS ലൈസൻസ് ഫീസുകൾ അത്തരം സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി പൂർണ്ണമായും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**2) വാടക**

ഗ്രാമപഞ്ചായത്തിന് 18 കടമുറികളാണുള്ളത്. ഇതിൽ നിന്നും 2022-23 വർഷത്തിൽ 1,76,128 രൂപ വരവുണ്ട്. കടമുറികൾ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച് ബൈലോ തയ്യാറാക്കിയിട്ടുണ്ടെങ്കിലും പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരം നാളിതുവരെ നേടിയിട്ടില്ല.

കടമുറി വാടകയ്ക്ക് എടുത്തിട്ടുള്ള അതേ വ്യക്തികൾക്ക് തന്നെ ലേല നടപടികൾ കൂടാതെ ഓരോ വർഷവും തുടർന്ന് ഉപയോഗിക്കാൻ അനുവാദം നൽകുമ്പോൾ 5% വാർഷിക വാടക വർദ്ധനവ് വരുത്തുന്ന രീതിയാണ് തുടർന്ന് വരുന്നത്.

**3) ലേലം**

സാമ്പത്തിക വർഷം ലേല നടപടികളിലൂടെ ഗ്രാമപഞ്ചായത്തിന് യാതൊരു വരുമാനവും ലഭിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിലുൾപ്പെട്ടിട്ടുള്ള കുളങ്ങൾ, തോടുകൾ, ചാലുകൾ എന്നിവിടങ്ങളിലെ മത്സ്യം പിടിക്കുന്നതിനുള്ള അവകാശം ലേലം ചെയ്ത് നൽകാവുന്നതാണ്. ഗ്രാമപഞ്ചായത്ത് വെട്ടിമാറ്റിയ മരങ്ങൾ, ചില്ലകൾ എന്നിവ യഥാസമയം ലേലം ചെയ്തിട്ടില്ലായെന്ന് കണ്ടു. ഇത് ലേലം ചെയ്യുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

**മറ്റ് വരവുകൾ**

**എ) ഗ്രാമപഞ്ചായത്തിന്റെ പൊതുമാർക്കറ്റ്**

ഗ്രാമപഞ്ചായത്തിന് രണ്ട് പൊതു മാർക്കറ്റുകളാണുള്ളത് ചുങ്കപ്പാറ മാർക്കറ്റും വായ്പൂർ മാർക്കറ്റും. കോവിഡിനു മുൻപ് സാമാന്യം മെച്ചപ്പെട്ട വരുമാനം ലഭിച്ചിരുന്ന ഈ രണ്ടു സ്ഥലങ്ങളിൽ നിന്നും ഈ സാമ്പത്തിക വർഷം വരുമാനം ഉണ്ടായിട്ടില്ല. ഈ രണ്ടു പൊതു മാർക്കറ്റുകളിലെയും ഗേറ്റ്ഫീ, വാഹന പാർക്കിംഗ് ഫീ എന്നിവ പിരിച്ചെടുക്കുന്നതിനുള്ള അവകാശം വരും വർഷങ്ങളിൽ ലേലത്തിൽ നൽകേണ്ടതാണ്.

**ബി) ബസ് സ്റ്റാന്റ് ഫീസ് പിരിവ്**

ധാരാളം പ്രൈവറ്റ് ബസുകൾ കയറി ഇറങ്ങുന്ന ചുങ്കപ്പാറ ബസ് സ്റ്റാന്റിലെ ഫീസ് പിരിവിനത്തിൽ സാമ്പത്തിക വർഷം വരവൊന്നുമില്ല. ബസ് സ്റ്റാന്റ് ഫീസ് പിരിച്ചെടുക്കുന്നതിനുള്ള അവകാശം തുടർ വർഷങ്ങളിൽ ലേലത്തിൽ നൽകേണ്ടതാണ്.

## 1-13 സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം വാണിജ്യാവശ്യത്തിനായി നിർണ്ണയിച്ചിരിക്കുന്ന കെട്ടിടങ്ങളെല്ലാം ലൈസൻസ് പരിധിയിൽ ഉൾപ്പെടുന്നില്ല

വസ്തുനികുതി നിർണ്ണയിക്കുന്നതിനുള്ള സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ പ്രകാരം വാണിജ്യ-വ്യാവസായിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന 881 കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിലുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വാണിജ്യ ആവശ്യത്തിനുള്ള 100 ച.മീ വരെ തറ വിസ്തീർണമുള്ള ഹോട്ടൽ/ റസ്റ്റോറന്റുകൾ/ ഗോഡൗണുകൾ | 803 |
| വാണിജ്യ ആവശ്യത്തിനുള്ള 100 ച.മീ മുകളിൽ തറ വിസ്തീർണമുള്ള ഹോട്ടൽ/ റസ്റ്റോറന്റുകൾ/ ഗോഡൗണുകൾ | 24 |
| വാണിജ്യ ആവശ്യത്തിനുള്ള 200 ച.മീ വരെ തറവിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ് ഷോപ്പിംഗ് മാളുകൾ | 0 |
| വാണിജ്യ ആവശ്യത്തിനുള്ള 200 ച.മീ മുകളിൽ തറവിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ് ഷോപ്പിംഗ് മാളുകൾ | 22 |
| ഓഫീസ് ആവശ്യത്തിനുള്ളവ(വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പെടെ) | 23 |
| വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ | 9 |
| ആകെ | **881** |

സ്ഥാപനം വാർഡ് തിരിച്ചുള്ള ഡേറ്റബേസ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. 2021-22-ൽ 146 സ്ഥാപനങ്ങളുടെ ലൈസൻസാണ് ഡിമാന്റ് ചെയ്തിരുന്നത്. തൻ വർഷ ലൈസൻസ് രജിസ്റ്റർ പ്രകാരം 238 സ്ഥാപനങ്ങളാണ് പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തിട്ടുള്ളത്. ലൈസൻസ് അനുവദിച്ചവയുടെയും സഞ്ചയ സോഫ്റ്റ്‌വെയറിലെ വാണിജ്യ/വ്യാപാര/വ്യവസായ സ്ഥാപനങ്ങളുടെ കെട്ടിടങ്ങളുടെയും കണക്കുകൾ തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു.

വാർഷിക ധനകാര്യ പത്രിക തയ്യാറാക്കുമ്പോൾ കളക്ഷൻ തന്നെ ഡിമാന്റായി രേഖപ്പെടുത്തുന്ന തെറ്റായ രീതിയാണ് സ്വീകരിച്ചിരിക്കുന്നത്. സാമ്പത്തിക വർഷത്തിലെ വിവിധ മാസങ്ങളിലായി പുതിയ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ട്. എന്നാൽ അവയുടെ ഡിമാന്റ് അതാത് മാസത്തിൽ ജനറേറ്റ് ചെയ്തിട്ടില്ലായെന്ന് ലൈസൻസിന്റെ ലെഡ്ജർ പരിശോധിച്ചപ്പോൾ ബോധ്യപ്പെട്ടു.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 232 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിലെ യാതൊരു സ്ഥലവും പരിസ്ഥിതി, പൊതുസുരക്ഷ, പൊതുജനാരോഗ്യം മുതലായ പൊതു താൽപര്യങ്ങളെ ദോഷകരമായി ബാധിക്കുന്നതോ ശല്യകാരണമായി ഭവിക്കുന്നതോ ആയ വ്യവസായങ്ങൾ, ഫാക്ടറികൾ, വ്യാപാരങ്ങൾ, പണിസ്ഥലങ്ങൾ, മറ്റു സേവനങ്ങൾ എന്നിവക്കായി പൊതുവേയും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാര്യങ്ങൾക്കായി പ്രത്യേകിച്ചും, സെക്രട്ടറി നൽകുന്ന ലൈസൻസിലെ വ്യവസ്ഥകൾക്കനുസൃതമായല്ലാതെ ഉപയോഗിക്കാൻ പാടുള്ളതല്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ലൈസൻസ് ഇനത്തിൽ ലഭിക്കുന്ന വരുമാനം നഷ്ടപ്പെടുന്നതിനൊപ്പം അപകടം വരുത്തിവയ്ക്കാവുന്ന പ്രവർത്തനങ്ങൾ നിയന്ത്രിക്കപ്പെടുന്നില്ല എന്നതും ഗൗരവപൂർവ്വം കാണേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി അസസ്മെന്റ് രജിസ്റ്റർ പ്രകാരം പാർപ്പിടാവശ്യത്തിനല്ലാതെ നിർമ്മിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളിലും നിലവിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് വാർഡുകളുടെ ചുമതലയുള്ള ക്ലർക്കുമാർ പരിശോധന നടത്തി വാർഡ് തിരിച്ചുള്ള പൂർണ്ണമായ ഡേറ്റബേസ് ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. പഞ്ചായത്തിൽ പ്രവർത്തിക്കുന്നതും ലൈസൻസ് പരിധിയിൽ വരുന്നതുമായ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-14 തൊഴിൽ നികുതി, ലൈസൻസ് പിരിവുകൾ കാര്യക്ഷമമാക്കേണ്ടതാണ്

മുൻ വർഷത്തെ അപേക്ഷിച്ച് നികുതി നികുതിയേതര വരുമാനത്തിൽ വർദ്ധനവുണ്ടെങ്കിലും ഗ്രാമപഞ്ചായത്തിന്റെ സുസ്ഥിര വികസനത്തിന് വരുമാനം നേടിയെടുക്കാവുന്ന എല്ലാ മേഖലകളിൽ നിന്നും ചോർച്ചയില്ലാതെ നികുതി പിരിച്ചെടുക്കുന്നതിനുള്ള ശ്രമങ്ങൾ ഉണ്ടാകേണ്ടതുണ്ട്. സാമ്പത്തിക വർഷത്തെ രണ്ട് അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി ഡിമാന്റ്, പിരിവ്, രേഖകളുടെ സൂക്ഷിപ്പ് എന്നിവ വിലയിരുത്തുന്നതിനായി ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചുവരുന്ന സ്ഥാപനങ്ങളുടെ പട്ടിക, റിട്ടേണുകൾ, ഡിമാന്റ് രജിസ്റ്റർ മുതലായ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

**(എ) നിയമാനുസൃതം നോട്ടീസ് നൽകുന്നില്ല**

കേരളാ പഞ്ചായത്തിരാജ് ആക്ട് 205(ബി) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള സ്ഥാപനങ്ങളുടെ ഉടമസ്ഥനോടോ കൈവശക്കാരനോടോ നികുതിക്ക വിധേയരായവരുടെ ലിസ്റ്റ് സമർപ്പിക്കുവാൻ നോട്ടീസു മൂലം ആവശ്യപ്പെടാൻ സെക്രട്ടറി ബാദ്ധ്യസ്ഥനാണ്. എന്നാൽ ഇപ്രകാരം ഒരു ലിസ്റ്റ് സെക്രട്ടറി ആവശ്യപ്പെട്ടിട്ടില്ല എന്ന് രേഖകൾ പരിശോധിച്ചതിൽ വ്യക്തമായി. തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥനായ ഏതൊരാളിൽ നിന്നും ഗ്രാമപഞ്ചായത്ത് നിശ്ചയിച്ച നിരക്കിൽ തൊഴിൽ നികുതി വസൂലാക്കാൻ വകുപ്പ് 205ഡി പ്രകാരം തൊഴിലുടമ ബാധ്യസ്ഥനാണ്. ഓഫീസ് തലവന്റെയോ, തൊഴിലുടമയുടെയോ ഭാഗത്തുനിന്നുള്ള വീഴ്ച കാരണം കുടിശ്ശിക വരുമ്പോൾ അത് അയാളിൽ നിന്നുള്ള കുടിശ്ശിക എന്ന പോലെ ചട്ടങ്ങൾക്ക് വിധേയമായി വസൂലാക്കാവുന്നതാണെന്ന് വകുപ്പ് 205(3) ലും നിഷ്കർഷിച്ചിട്ടുണ്ട്. തൊഴിൽ നികുതി അസ്സസ്സ് ചെയ്യുന്നതിനും ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും വിപുലമായ വ്യവസ്ഥകൾ പഞ്ചായത്ത് രാജ് നിയമത്തിലും തൊഴിൽ നികുതി ചട്ടങ്ങളിലും ഉണ്ടെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കാത്തതു മൂലം ഓരോ വർഷവും തനത് വരുമാനമായി ലഭിക്കേണ്ട തുക നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഈ വിഷയത്തിൽ തുടർ വർഷങ്ങളിൽ കൃത്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**(ബി) റേഷൻ കടകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല**

ഗ്രാമപഞ്ചായത്ത്പരിധിയിൽ 10 റേഷൻ കടകളുണ്ടെങ്കിലും 3/98 F,98 H എന്നീ കടമുറികളിൽ പ്രവർത്തിക്കുന്ന റേഷൻ കടയുടെ (ARD No 15) ലൈസൻസ് ഫീസും തൊഴിൽ നികുതിയും മാത്രമാണ് ഈടാക്കിയിരിക്കുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 22 തീയതി 07.12.2023) റേഷൻ കടകൾക്ക് പഞ്ചായത്ത് ലൈസൻസ് ആവശ്യമില്ലായെന്ന് റേഷൻ ഉടമകൾ അറിയിച്ചിട്ടുണ്ടെന്നുള്ള മറുപടിയാണ് ലഭ്യമാക്കിയത്. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ ഭാഗമായ റേഷൻ വീട്ടയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ മറ്റ് 9 റേഷൻ കടയിൽനിന്നും ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

**(സി) മരാമത്ത് പ്രവൃത്തിയുടെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല**

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു. എന്നാൽ ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന്റെ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ എടുത്തിട്ടുള്ള താഴെപ്പറയുന്ന കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ പുറടെ ചേർക്കുന്നു.

| ക്രമ നം. | കരാറുകാരുടെ പേര് |
|---|---|
| 1 | ഹരീഷ് എം. പി. |

| | |
|---|---|
| 2 | ജിൻസ് പി. ജെയിംസ് |
| 3 | സതീഷ് കുമാർ |
| 4 | ഹരിലാൽ പി.ജെ. |
| 5 | ജോർജ്ജുകുട്ടി തോമസ് |
| 6 | അമൽ കെ.എസ്. |
| 7 | ബിനോജ് ജോസഫ് |

## 1-15 വാടക വരവ് - അപാകതകൾ

സാമ്പത്തിക വർഷത്തെ വാടക വരവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

- ഗ്രാമപഞ്ചായത്ത് വക കടമുറികൾ വാടകയ്ക്ക് നൽകുന്നതിന് പഞ്ചായത്തിൽ ഒരു ബൈലോ തയ്യാറാക്കേണ്ടതും ഇതുമായി ബന്ധപ്പെട്ട വ്യവസ്ഥകളെല്ലാം അതിൽ എഴുതി ചേർക്കേണ്ടതും ഈ വ്യവസ്ഥകൾ അനുസരിച്ച് മാത്രം പഞ്ചായത്തുവക കടമുറികൾ ഉപയോഗിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്ത് അതനുസരിച്ച് കരട് ബൈലോ തയ്യാറാക്കുകയും 27.08.2020-ൽ എ3-2462/2020-ാം നമ്പർ നോട്ടീസ് പ്രകാരം തയ്യാറാക്കിയ ബൈലോയ്ക്ക് ആക്ഷേപങ്ങൾ വല്ലതുമുണ്ടെങ്കിൽ അതും കണക്കിലെടുത്ത് പരിഷ്കരിക്കുന്നതിലേക്കായി നോട്ടീസ് ബോർഡിൽ ഇടുകയുണ്ടായി. എന്നാൽ പിന്നീട് ഇതിന്റെ യാതൊരു തുടർ നടപടിയും സ്വീകരിച്ചിട്ടില്ല. തയ്യാറാക്കിയ കരട് ബൈലോയ്ക്ക് സർക്കാർ ഉത്തരവ് നം. സി5-17031/2004 തീയതി 24.07.2004 പ്രകാരം പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരത്തിന നൽകിയിട്ടുമില്ല.
- പഞ്ചായത്ത് വക കടമുറികൾ നിർമ്മിച്ചകാലം മുതൽ വാടകയ്ക്ക് എടുത്തിരിക്കുന്നവർ തന്നെയാണ് നിലവിലും കടമുറികൾ ഉപയോഗിച്ചുപോരുന്നതും. ഏകദേശം 15 വർഷത്തിലധികമായി കൈവശം വച്ച് ഉപയോഗിക്കുന്നവരാണ് അധികവും. ഇവർ എത്ര തുകയാണ് ഡിപ്പോസിറ്റ് ചെയ്തിരിക്കുന്നതെന്ന വിവരവും കൃത്യമായി പഞ്ചായത്തിലില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള (നം. 11 തീയതി 05.12.2023) മറുപടിയിൽ, ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം നിലവിൽ അപകടാവസ്ഥയിലാണെന്നും ഇവയുടെ സുരക്ഷിതത്വം ഉറപ്പാക്കിയതിനുശേഷം കടമുറികൾ ഉപയോഗിച്ചുപോരുന്ന കൈവശക്കാരിൽ നിന്നും (കടമുറികളുടെ സമീപത്തുള്ള സ്വകാര്യ വ്യക്തികളുടെ കടമുറികളുടെ വാടക, ഡിപ്പോസിറ്റ് നിരക്കിൽ) ഉയർന്ന വാടകയും ഡിപ്പോസിറ്റും ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ച്, ആയതിന്റെ കമ്മിറ്റി തീരുമാനവും (29.05.2023-ലെ 7(8)-ാം നമ്പർ തീരുമാനം) ഹാജരാക്കി.
- 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ 10 പ്രകാരം ഗ്രാമപഞ്ചായത്ത് ലൈസൻസ് വ്യവസ്ഥയിൽ വാടകയ്ക്കോ, പാട്ടത്തിനോ നൽകുന്ന കടമുറികൾ/ബങ്കുകൾ /സ്റ്റാളുകൾ മുതലായവയുടെ ഓരോ ഇനത്തിലും 10% പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട ആളുകൾക്കുവേണ്ടിയും, 3% ഭിന്നശേഷി വിഭാഗങ്ങൾക്കും 3% വിധവകൾക്കും സംവരണം ചെയ്ത് നൽകേണ്ടതാണ്. ബന്ധപ്പെട്ട വിഭാഗത്തിൽ നിന്നും അപേക്ഷകളൊന്നും ഇല്ലാത്തപക്ഷം മാത്രമേ മറ്റ് വിഭാഗക്കാർക്ക് അനുവദിച്ചു നൽകാവൂ. എന്നാൽ 2022-23 കാലയളവിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനും, ഭിന്നശേഷി വിഭാഗങ്ങൾക്കും ,വിധവകൾക്കും അർഹമായ സംവരണ പ്രകാരം മുറികൾ അനുവദിച്ചുണ്ടായെന്ന് പരിശോധിക്കുന്നതിന് ടി കാലയളവിലെ ലേലം സംബന്ധിച്ചിട്ടുള്ള ഫയൽ കാര്യാലയത്തിൽ ലഭ്യമല്ലായെന്നുള്ള മറുപടിയാണ് സെക്രട്ടറി നൽകിയിരിക്കുന്നത്.
- 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ 7 (2) പ്രകാരം "ഓരോ ലൈസൻസും ആ കെട്ടിടമോ അതിലുള്ള മുറിയോ ഇടമോ ഉപയോഗിക്കുന്നതിനും കൈവശം വയ്ക്കുന്നതിനുള്ള വ്യവസ്ഥകളും, ഫീസിന്റെ നിരക്കും, അത് കൊടുക്കേണ്ട സമയവും അതിൽ ഉൾക്കൊള്ളിച്ചിരിക്കേണ്ടതും മേൽപ്പറഞ്ഞ പ്രകാരമുള്ള വ്യവസ്ഥകളും നിബന്ധനകളും ഉചിതമായ മൂല്യമുള്ള മുദ്രപത്രത്തിലുള്ള ഒരു കരാറിന്റെ രൂപത്തിൽ എഴുതിയുണ്ടാക്കിയതായിരിക്കേണ്ടതും , ഫോറം III-ന് അനുയോജ്യമായിരിക്കേണ്ടതും ആണെന്ന് വ്യവസ്ഥ ചെയ്യുന്നു".ഇപ്രകാരം കെട്ടിട നമ്പരുള്ള ഓരോ മുറിയുടെ ഉപയോഗത്തിനും മുദ്ര പത്രത്തിൽ കരാർ വയ്ക്കേണ്ടതാണ്. ഈ വ്യവസ്ഥക്ക് വിരുദ്ധമായി 2022-23 വർഷം പഞ്ചായത്ത് കടമുറികൾ വാടകയ്ക്ക് എടുത്തിരുന്നവർ 2 പേർ കരാർ വയ്ക്കാതെ കടമുറികൾ ഉപയോഗിച്ചിരുന്നത്. പേര

വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | കടമുറി നം. |
|---|---|---|
| 1 | സെക്രട്ടറി, വാഴൂർ കാർഷിക സ്വാശ്രയ ലേല വിപണി | II/588 |
| 2 | അബ്ദുൾ മജീദ് | VIII/470C |

നിയമപ്രകാരമുള്ള കരാർ വയ്ക്കാത്തതിനാൽ ഈ വാടകക്കാർ ഈ കാലയളവിൽ കെട്ടിടത്തിൽ വരുത്തുന്ന നാശനഷ്ടങ്ങൾ ഗ്രാമപഞ്ചായത്തിന് ചോദ്യംചെയ്യപ്പെടാൻ പറ്റാത്ത അവസ്ഥയുണ്ടാകും.

**ഓഡിറ്റ് നിർദ്ദേശങ്ങൾ :**

- ഗ്രാമപഞ്ചായത്ത് വക കടമുറികളുടെ വാടകപട്ടിക തയ്യാറാക്കിയ ബൈലോയ്ക്ക് പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരം വാങ്ങേണ്ടതാണ്.
- പഞ്ചായത്ത് വക കടമുറികളുടെ അപകടാവസ്ഥ അസിസ്റ്റന്റ് എഞ്ചിനീയറെ കൊണ്ട് പരിശോധിപ്പിച്ച് കൃത്യമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിഹരിക്കേണ്ടതാണ്.
- അസിസ്റ്റന്റ് എഞ്ചിനീയറെ കൊണ്ട് പഞ്ചായത്ത് വക കടമുറികളുടെ വാടക, ഡിപ്പോസിറ്റ് എന്നിവ അസസ്സ് ചെയ്ത് ആയതിന്റെ അടിസ്ഥാനത്തിൽ കടമുറികളുടെ പുനർലേലം നടത്തേണ്ടതാണ്.
- 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ 7 (2) പ്രകാരവും ഫോറം III മാതൃകയിലും വാടകക്കാരിൽ നിന്നും കരാർ എഴുതി വാങ്ങിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപെടുത്തുന്നു. മേൽ നിർദ്ദേശങ്ങൾക്കനുസരിച്ച് നടപടികൾ സ്വീകരിക്കുവാൻ ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

(വിഷയവുമായി ബന്ധപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം. 11 /05.12.2023)

## 1-16 ഗ്രാമപഞ്ചായത്തിൽ മാട്ടിറച്ചി കച്ചവടം നടത്തുന്നതിനുള്ള അവകാശം ലേലം ചെയ്യുന്നില്ല-പഞ്ചായത്തിന് വരുമാന നഷ്ടം

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ധാരാളം അനധികൃത അറവുശാലകളും മാട്ടിറച്ചി വിൽപന കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. കഴിഞ്ഞ 4 സാമ്പത്തിക വർഷങ്ങളിലെ ലേലഫയൽ പരിശോധിച്ചതിൽ, അംഗീകൃത ലൈസൻസിയിൽ നിന്നും മാട്ടിറച്ചി വാങ്ങി പഞ്ചായത്തിൽ വിൽക്കുന്നതിനുള്ള അനുവാദം നൽകുന്നതിനുള്ള ലേലം ഈ സാമ്പത്തിക വർഷങ്ങളിൽ നടന്നിട്ടില്ലായെന്ന് വ്യക്തമായി. ഇപ്രകാരം ഒരു ലേലം നടക്കാത്തതുമൂലം പഞ്ചായത്തിന് ഈ ഇനത്തിൽ വരുമാനത്തിലും നഷ്ടമുണ്ടായിട്ടുണ്ട്. തുടർ വർഷങ്ങളിൽ ഈ ഒരു വരുമാന സാദ്ധ്യത മുൻനിർത്തി മാട്ടിറച്ചി വിൽപനയ്ക്കുള്ള ലേലം 1996-ലെ കേരള പഞ്ചായത്ത് രാജ്(കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് നടപ്പാക്കേണ്ടതാണ്.

1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ ചട്ടം 40 പ്രകാരം, ഇറച്ചിക്കടകളിൽ വിൽപ്പനയ്ക്കായി വച്ചിരിക്കുന്ന ഇറച്ചി, പൊതു കശാപ്പുശാലയിൽ വച്ചോ അല്ലെങ്കിൽ ആക്റ്റിലെ 230-ാം വകുപ്പ് പ്രകാരം ലൈസൻസ് ലഭിച്ചിട്ടുള്ള കശാപ്പുശാലയിൽ വച്ചോ കശാപ്പ് ചെയ്ത മൃഗത്തിന്റേത് ആയിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്ന് ഫോറം നമ്പർ 1-ൽ ലഭിച്ച ബുച്ചർ ലൈസൻസ് നേടിയിട്ടില്ലാത്തവർ കശാപ്പ് നടത്തുന്ന യാതൊരു അനധികൃത കശാപ്പ് ശാലകളും ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുവാൻ അനുവദിക്കരുതെന്നും എല്ലാ അനധികൃത ഇറച്ചി വിൽപ്പന ശാലകളും അടച്ചു പൂട്ടണമെന്നും ബഹുമാനപ്പെട്ട ഹൈക്കോടതി വിധിന്യായങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട് (WP(C) നം.13805/04, 37093/04, 7000/05, 2991, 3923, 8233, 9297, & 12998/06, 704/09 & 6031/09). അറവു ശാല സ്ഥാപിച്ച് ഇറച്ചി വ്യാപാരത്തിനുള്ള ലൈസൻസ് ലേലത്തിൽ നൽകാത്തതിനാൽ പഞ്ചായത്തിന് ഗണ്യമായ വരുമാന നഷ്ടം ഉണ്ടാകുന്നു.

അനധികൃത അറവുശാലകളിൽ നിന്നുള്ള മാലിന്യങ്ങൾ ശരിയായ രീതിയിൽ നിർമ്മാർജ്ജനം ചെയ്യാത്തതിനാൽ അവ ഗുരുതരമായ ആരോഗ്യ പാരിസ്ഥിതിക പ്രശ്നങ്ങളും ഉണ്ടാകുന്നതിനുള്ള

സാഹചര്യമുണ്ട്. ആധുനിക അറവുശാല സ്ഥാപിക്കുക എന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയിൽപ്പെട്ട കാര്യമാണ്. കൂടാതെ 17.09.2009-ലെ 1173/ഡി.ബി.2./09/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവിൽ അംഗീകൃത അറവുശാലകൾ ഇല്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തിരമായി അവരുടെ അധികാര പരിധികളിൽ വൃത്തിയും ശുചിത്വവുമുള്ള ആധുനികവും ശാസ്ത്രീയവുമായ അറവുശാലകൾ സ്ഥാപിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആധുനിക അറവുശാല സ്ഥാപിക്കുന്നതിനുള്ള യാതൊരു നടപടികളും നാളിതുവരെ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. പഞ്ചായത്ത് രാജ് നിയമ പ്രകാരം മൃഗങ്ങളുടെ കശാപ്പ്, വില്പന എന്നിവ നിയന്ത്രിക്കേണ്ടത് ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്.

മനുഷ്യന്റെ ആരോഗ്യത്തിന് മതിയായ സംരക്ഷണം ഉറപ്പാക്കുന്നതിന് പകർച്ചവ്യാധികളോ മറ്റ് രോഗങ്ങളോ ഇല്ലെന്ന് വെറ്ററിനറി സർജൻ സാക്ഷ്യപ്പെടുത്തിയ മൃഗങ്ങളെ അംഗീകൃത അറവ് ശാലകളിൽ മാത്രം കശാപ്പ് ചെയ്ത് ഇറച്ചിക്കടകൾ വഴി വിൽപ്പന നടത്തുവാൻ പാടുള്ളുവെന്ന് ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. മതിയായ സാധ്യതാ പഠനം നടത്തി ഒന്നിലധികം ഗ്രാമപഞ്ചായത്തുകളോ ത്രിതല പഞ്ചായത്തുകൾ സംയുക്തമായോ ആധുനിക അറവുശാലകൾ സ്ഥാപിക്കുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതി സജീവ പരിഗണന നൽകേണ്ടതാണ്. ഭരണസമിതി ഈ വിഷയത്തിൽ ഇടപെടൽ നടത്തേണ്ടതും, അനിവാര്യ ചുമതലകൾ നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

**1-17 ഭരണസമിതിയോഗം- മിനിട്ട്സ് തയ്യാറാക്കുന്നതിൽ ചട്ടപ്രകാരമുള്ള സമയപരിധി പാലിക്കുന്നില്ല**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണസമിതി യോഗങ്ങൾ ഓൺലൈൻ ആക്കുന്നതിനായി ഐ.കെ.എം. വികസിപ്പിച്ച സകർമ്മ ആപ്ലിക്കേഷൻ സ.ഉ(സാധാ.) 3630/2015/തസ്വഭവ തീയതി 3.12.2015 ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ വിന്യസിച്ചിരുന്നു. എന്നാൽ സകർമ്മ ആപ്ലിക്കേഷൻ മുഖേനയുള്ള ഭരണസമിതിയോഗങ്ങളുടെ നടപടിക്രമങ്ങൾ പരിശോധിച്ചതിൽ മിനിട്ട്സ് പൂർത്തീകരിക്കുന്നതിൽ 1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 26 പ്രകാരമുള്ള സമയപരിധി പാലിക്കുന്നില്ല എന്ന് വ്യക്തമായി. ചട്ടം 26(8) പ്രകാരം യോഗം കഴിഞ്ഞ് മൂന്നുദിവസത്തിനകം സെക്രട്ടറി മിനിട്ട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ 29/05/2023 മുതലുള്ള പുറമെ ചേർക്കുന്ന തീയതികളിലെ മിനിട്ട്സ് ഓഡിറ്റ് തീയതിയിലും പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നമ്പർ | യോഗം നടന്ന തീയതി | യോഗം നമ്പർ |
|---|---|---|
| 1 | 29/05/2023 | 17 |
| 2 | 14/06/2023 | 18 |
| 3 | 30/06/2023 | 19 |
| 4 | 25/07/2023 | 21 |
| 5 | 11/10/2023 | 27 |
| 6 | 31/10/2023 | 28 |
| 7 | 09/11/2023 | 29 |

നടപടിക്രമങ്ങളിൽ സുതാര്യതയും വേഗതയും ഉറപ്പാക്കുന്നതിനാണ് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയത് എന്നിരിക്കെ യോഗങ്ങളുടെ മിനിട്ട്സ് പൂർത്തിയാക്കുന്നതിൽ ഇത്രയധികം കാലതാമസം ഉണ്ടാകുന്നത് ഉചിതമല്ല. ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ യോഗമിനിട്ട്സ് തയ്യാറാക്കി അംഗീകാരം വാങ്ങാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.02 തീയതി: 01.12.2023) നൽകിയ മറുപടിയിൽ സകർമ്മയിൽ യോഗമിനിട്ട്സ് വിവരങ്ങൾ രേഖപ്പെടുത്തുന്ന സീനിയർ ക്ലാർക്ക് സ്ഥലം മാറിപോകുകയും 12.02.2023-വരെ തസ്തിക ഒഴിഞ്ഞുകിടക്കുകയും ആയിരുന്നതിനാലാണ് രേഖപ്പെടുത്തൽ കൃത്യമായി സോഫ്റ്റ് വെയറിൽ ചെയ്യാതിരുന്നതെന്നുള്ള മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നത്. നിലവിൽ പട്ടികയിൽ പരാമർശിച്ച തീയതികളിലെ യോഗ തീരുമാനങ്ങൾ പൂർത്തീകരിച്ചതായും അവ പ്രസിഡന്റിന്റെ അംഗീകാരം ലഭ്യമാക്കുന്നമുറയ്ക്ക് ഗ്രാമപഞ്ചായത്ത് കമ്മിറ്റി യോഗ തീരുമാനങ്ങൾ സകർമ്മയിൽ അടിയന്തിരമായി പൂർത്തീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം വീഴ്ചകൾ ഉണ്ടാകാതിരിക്കുന്നതിനായി വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

**1-18 ഇ-ടെണ്ടർ ഫീസ് പിരിക്കുന്നതിന് അക്കൗണ്ട് ആരംഭിച്ചില്ല; ലഭിച്ച ഫണ്ട് ക്രെഡിറ്റ് ചെയ്യാൻ കഴിഞ്ഞില്ല**

28-09-2013 ലെ ജി.ഒ.(എം.എസ്) 318/2013/തസ്വഭവ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി. എക്സി. എഞ്ചിനീയറുടെ പേരിൽ അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. തുടർന്ന് ഇതേ ആവശ്യത്തിലേക്കായി ഗ്രാമപഞ്ചായത്ത് തലത്തിൽ ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിനും സർക്കാർ ഉത്തരവിട്ടിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് തലത്തിൽ ബാങ്ക് അക്കൗണ്ട് ആരംഭിച്ചില്ല.

2022-23 സാമ്പത്തിക വർഷം വരെയുള്ള ടെണ്ടർ ഫീസായി ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ലഭിച്ച 24,270 രൂപയുടെ ചെക്ക് 10-08-2023-ൽ ഗ്രാമപഞ്ചായത്തിൽ ലഭിച്ചുവെങ്കിലും ബാങ്ക് അക്കൗണ്ട് ആരംഭിക്കാത്തതിനാൽ ചെക്ക് ക്രെഡിറ്റ് ചെയ്യാൻ സാധിക്കാതെ വരികയും മൂന്ന് മാസക്കാലയളവ് കഴിഞ്ഞതിനാൽ ചെക്ക് റീ-വാലിഡേറ്റ് ചെയ്യേണ്ട സാഹചര്യം ഉണ്ടാവുകയും ചെയ്തു. ഓഡിറ്റ് വേളയിലാണ് ചെക്ക് റീ-വാലിഡേറ്റ് ചെയ്ത് കിട്ടുന്നത്. അപാകതകൾക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ്

എൻക്വയറിക്ക് (നം.07/2022-23, തീയതി: 05-12-2023), അക്കൗണ്ട് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. എത്രയും വേഗം അക്കൗണ്ട് ആരംഭിക്കുന്നതിനും IKM-ആയി ബന്ധപ്പെട്ട് അക്കൗണ്ട് ഇ-ടെണ്ടർ സൈറ്റിൽ മാപ്പ് ചെയ്യുന്നതിനും അസിസ്റ്റന്റ് എഞ്ചിനീയർ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-19 ജി.എസ്.ടി – ലേറ്റ് ഫീസ് തനത് ഫണ്ടിൽ നിന്ന് ഒടുക്കി

യഥാസമയം ജി.എസ്.ടി. റിട്ടേൺ ഫയൽ ചെയ്യാതിരുന്നതിന് ചുമത്തപ്പെട്ട പിഴത്തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഒടുക്കിയത് തനത്ഫണ്ടിൽനിന്നും ക്രമീകരിച്ചു . 2020-21, 2021-22 വർഷങ്ങളിലെ റിട്ടേൺ ഫയൽ ചെയ്യുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥരുടെ വീഴ്ചമൂലം 88,840 രൂപയാണ് പഞ്ചായത്ത് ഫണ്ടിൽനിന്ന് ഈയിനത്തിൽ അധികച്ചെലവുണ്ടായതെന്ന് തനത് ഫണ്ട് വൗച്ചറുകളുടെ പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ തീയതി | തുക | തുക ഉൾപ്പെടുന്ന ചെക്ക് നം./ തീയതി |
|---|---|---|---|
| 1 | 605/06.06.22 | 57,520 | 137058/06.06.22 |
| 2 | 661/16.06.22 | 31,320 | 137067/16.06.22 |

നിശ്ചിത സമയപരിധിക്കകം ജി.എസ്.ടി. റിട്ടേൺ ഫയൽ ചെയ്യുന്നതിലെ വീഴ്ച മൂലം വരുന്ന ലേറ്റ് ഫീസ് ഒടുക്കുന്നതിന് പഞ്ചായത്ത് ഫണ്ട് വിനിയോഗിച്ചത് ക്രമപ്രകാരമല്ല.

ലേറ്റ് ഫീസ് ഒടുക്കുവാനുണ്ടായ കാരണം വ്യക്തമാക്കുന്നതിനും ലേറ്റ് ഫീസ് ഒടുക്കിയതിന് കാരണക്കാരായ ഉദ്യോഗസ്ഥരുടെ പേരുവിവരം ലഭ്യമാക്കുന്നതിനും സെക്രട്ടറിക്ക് ഓഡിറ്റ് എൻക്വയറി നൽകുകയുണ്ടായി (നം.28/08-12-2023). ഓഫീസ് ഓർഡർ പ്രകാരം ജി.എസ്.ടി റിട്ടേൺ ഫയൽ ചെയ്യുന്നതടക്കമുള്ള ധനമാനേജ്മെന്റിന്റെ ചുമതലകൾ നൽകിയിരുന്നത് അക്കൗണ്ടന്റിനായിരുന്നു എന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. എന്നാൽ ചെലവിന്റെ സാധുത ഉറപ്പാക്കേണ്ടത് സെക്രട്ടറിയുടെകൂടി ചുമതലയായിരുന്നു. ഈ സാഹചര്യത്തിൽ യഥാസമയം റിട്ടേൺ ഫയൽ ചെയ്യുന്നതിലുണ്ടായ വീഴ്ചമൂലം ലേറ്റ് ഫീസ് ഇനത്തിൽ അടവാക്കിയ 88,840 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ അക്കൗണ്ടന്റിൽ നിന്നും മേൽനോട്ട ചുമതലയുള്ള സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-20 ഗ്രാമപഞ്ചായത്ത് പരേതർക്കും ക്ഷേമപെൻഷൻ വിതരണം ചെയ്യുന്നു

ക്ഷേമപെൻഷൻ വിതരണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ, മരണപ്പെട്ട സാമൂഹ്യസുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് മരണശേഷവും ക്ഷേമപെൻഷൻ ക്രെഡിറ്റ് ചെയ്തിട്ടുള്ളതായി ബോദ്ധ്യപ്പെട്ടു.

പെൻഷൻ വാങ്ങുന്നയാൾ മരണപ്പെടുകയും, മരണം പെൻഷൻ അനുവദിച്ച തദ്ദേശഭരണ സ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുകയുമാണെങ്കിൽ, റിപ്പോർട്ട് ചെയ്യപ്പെട്ട ദിവസം തന്നെ ടിയാന്റെ പേരിലുള്ള പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണ്. മരണം മറ്റ് തദ്ദേശഭരണ സ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുകയാണെങ്കിൽ ടിയാളുടെ മരണം പെൻഷൻ അനുവദിച്ച തദ്ദേശഭരണ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുന്ന ദിവസം തന്നെ ക്ഷേമപെൻഷൻ നിർത്തേണ്ടതാണ്(22/09/2017-ലെ എസ്.എഫ്.സി.ബി1/71/2017/ധന. നമ്പർ സർക്കുലർ). പെൻഷൻ ഗുണഭോക്താക്കൾ മറ്റ് തദ്ദേശസ്ഥാപന പരിധിയിൽ മരണപ്പെട്ടാൽ, അങ്ങനെയുള്ളവരുടെ വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖേന ശേഖരിച്ച് അതാത് മാസം പെൻഷൻ ഡേറ്റാബേസിൽ നിന്നും ഒഴിവാക്കുവാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്ന് സ.ഉ.(എം.എസ്)നം.97/2020/ധന. തീ.23.09.2020 നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമാക്കിയിരുന്നു. എന്നാൽ മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ അധികൃതരുടെ ഭാഗത്ത് വീഴ്ചയുണ്ടായി.

ഓഡിറ്റ് നടത്തിയ പരിശോധനയിൽ മരണപ്പെട്ടതായി കണ്ട പെൻഷൻ ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഐ.ഡി | മരണപ്പെട്ട തീയതി | ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് | അക്കൗണ്ട് നമ്പർ |
|---|---|---|---|---|

| | | | കൈമാറിയ പെൻഷൻ തുക | | |
|---|---|---|---|---|---|
| | | | കാലയളവ് | തുക | |
| 104030100381 | ശശിധരൻ | 06/12/22 | 01/23-03/23 | 4800 | 12770100156060 (FDRL0001218) |
| 103750200287 | മാർക്കോസ് | 03/08/2020 | 09/20-12/22 | 50100 | 67215844911 (SBIN0070463) |
| 103750200318 | സുകുമാരൻ കെ.ജി. | 29/12/2017 | 01/18-03/18 | 3300 | 2180100082318 (FDRL0001218) 4400 |
| 103750200337 | വർഗ്ഗീസ് റ്റി. എം. | 26/11/2022 | 12/22-02/23 | 1800 | 57063089326 (SBIN0070463) |
| 103750200406 | മേരിക്കുട്ടി ജോസഫ് | 04/04/23 | 05/23& 06/23 | 3200 | 67087093656 (SBIN0070087) |
| 103750200633 | ഗോപിനാഥൻ നായർ | 30/01/18 | 02/18-07/19 | 20200 | 67307499708 (SBIN0070463) |
| | | | | 83,400 | |

ഓഡിറ്റ് നടത്തിയ പ്രാഥമിക പരിശോധനയിൽ ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തിട്ടുള്ള സാമൂഹിക സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളെയാണ് സേവന പെൻഷൻ സോഫ്റ്റ്‌വെയറിൽ നിന്നും ഒഴിവാക്കാത്തതായി ശ്രദ്ധയിൽപ്പെട്ടത്. ഈ വിവരങ്ങളാണ് മുകളിൽ ചേർത്തിട്ടുള്ളത്. വിശദമായ പരിശോധനയിലൂടെ മാത്രമേ ഈയിനത്തിൽ സർക്കാർ ഖജനാവിനുണ്ടായിട്ടുള്ള യഥാർത്ഥ നഷ്ടം നിജപ്പെടുത്താനാവൂ. മരണപ്പെട്ടവരെയും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരെയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽനിന്നും സമയബന്ധിതമായി ഒഴിവാക്കാത്തതു മൂലം സർക്കാരിന് ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽനിന്നും ഈടാക്കുന്നതാണെന്ന് സർക്കാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതാണ്(നം. 67/2020/ധന, തീ. 05.11.2020). ഇത് സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ പഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്നും വലിയ വീഴ്ചയാണ് ഉണ്ടായിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 26 തീയതി 11.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

പരേതരുടെ ക്ഷേമപെൻഷൻ അക്കൗണ്ടുകളിലേക്ക് ക്രഡിറ്റ് ചെയ്തിട്ടുള്ള തുകകൾ തിരികെ ഈടാക്കി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-21 കരാർ പ്രകാരം ചെയ്യാത്ത പ്രവൃത്തിക്ക് പ്രതിഫലം നൽകി- 20765 രൂപയുടെ നഷ്ടം

2022-23 സാമ്പത്തിക വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ കോട്ടാങ്ങൽ- കളയാംകുഴി റോഡ് മെയിന്റനൻസിന്റെ ഭാഗമായി കരിങ്കല്ല് ഉപയോഗിച്ച് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് (DR Masonry) Bond Stone ഉപയോഗിച്ച് നിർമ്മാണം നടത്തുന്നതിനുള്ള സ്പെസിഫിക്കേഷനും (DSR 75.7.1) നിരക്കുമാണ് അവലംബിച്ചിട്ടുള്ളത്. എന്നാൽ ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ എസ്റ്റിമേറ്റിൽ പറഞ്ഞിട്ടുള്ള പ്രകാരമുള്ള Bond Stone ഈ പ്രവൃത്തിക്ക് ഉപയോഗിച്ചിട്ടില്ലെന്ന് വ്യക്തമായി.

Bond Stone ഉപയോഗിച്ചുള്ള നിർമ്മാണത്തിന് 5988.21/cum നിരക്കാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത് (75.7.1 DRY RUBBLE MASONRY _ Random Rubble Masonry With Hard Stone, Including Through/Bond Stone In Foundation And Superstructure Including Packing To Compactness To Lines And Levels, Cost And Conveyance Of All Materials Labour Charges Etc. Complete As Per Approved Drawing And Relevant Technical Specifications). എന്നാൽ Bond Stone ഉപയോഗിക്കാതെയുള്ള സാധാരണ പാറകെട്ടിനുള്ള നിരക്ക് ചുവടെ ചേർക്കുന്നു.

| Mord SOR Code | Description | Unit | Quantity | Rate Rs | Cost Rs |
|---|---|---|---|---|---|
| | Unit = Cum<br>**A)Material** | | | | |
| M-148 | Stone For RR Masonry | Cum | 1.0 | 1222.08 | 1222.08 |
| | **B) Labour** | | | | |
| L-11 | Mason (1st Class) | Day | 1.0 | 738.00 | 738.00 |
| L-12 | Mate | Day | 0.12 | 617.00 | 74.04 |
| L-29 | Mazdoor (Unskilled) | Day | 1.8 | 558.00 | 1004.40 |
| Cost Of 1 Cum | | | | | 3038.52 |
| Add Overhead 10% | | | | | 303.85 |
| Total | | | | | 3342.37 |
| Add CP 10% | | | | | 334.24 |
| Total | | | | | 3676.61 |
| Add Cost Index 37.29% | | | | | 1371.01 |
| **Grand Total** | | | | | **5047.62** |

മേൽ വിശദമാക്കിയ പ്രകാരം Bond Stone ഉപയോഗിച്ചും, ഉപയോഗിക്കാതെയുമുള്ള നിരക്കുകൾ തമ്മിൽ ഘന മീറ്ററിന് 940.59 രൂപയുടെ വ്യത്യാസമാണുള്ളത്.

ചുവടെ ചേർക്കുന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് റോഡിൽ സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് ബോണ്ട് സ്റ്റോൺ ഉപയോഗിച്ചിട്ടില്ലാത്തതിനാൽ ഘനമീറ്ററിന് 940.59 രൂപ നിരക്കിൽ ബില്ലിൽനിന്നും തുക കുറവ് ചെയ്യേണ്ടതായിരുന്നു. എന്നാൽ അപ്രകാരം ചെയ്തിട്ടില്ല. കരാറുകാരന് അനർഹമായി നിരക്ക് അനുവദിച്ച ഇനത്തിൽ പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ വിവരം | അനുവദിച്ച അളവ്, നിരക്ക്, തുക | അനുവദനീയമായ നിരക്ക്, തുക | അധികം നൽകിയ തുക |
|---|---|---|---|
| കോട്ടാങ്ങൽ കളയാംകുഴി റോഡ് മെയിന്റനൻസ് (വാർഡ് 6 )<br>പ്രോജക്ട് നം. 150/23<br>കരാറുകാരൻ - ശ്രീ ഹരിലാൽ പി.ജെ.<br>അടങ്കൽ - 377000<br>ചെലവ് - 337986<br>നിരക്ക്: എസ്റ്റിമേറ്റ് നിരക്ക്<br>ബിൽ നം., തീ. - 22050852016701474303/ 25-03-2023<br>ഫണ്ട് :റോഡ് സംരക്ഷണ ഗ്രാന്റ് | Item No. 2<br>18.710 Cum<br>@5988.210<br>=112039 | Item No. 2<br>18.710 Cum<br>@5047.62<br>=94441 | 17598+18% GST<br>=20765 |
| ആകെ | | | 20765 |

ചെയ്യാത്ത പ്രവൃത്തിക്കുള്ള പ്രതിഫലമിനത്തിൽ നൽകിയ 20765 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കാൻ നിർദ്ദേശിച്ചുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകുകയുണ്ടായി (നം.12/2022-23, തീയതി: 06-12-2023). എൻക്വയറിക്ക് മറുപടിയായി, തുക അടിയന്തിരമായി ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ

അറിയിച്ചു. തുക ഈടാക്കി അറിയിക്കേണ്ടതാണ്.

**1-22 88-ാം നമ്പർ അങ്കണവാടി പുനരുദ്ധാരണം-ടെണ്ടർ ഡിഡക്ഷൻ ബില്ലിൽ കുറവ് ചെയ്തില്ല; 27,040 രൂപ യുടെ നഷ്ടം**

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2022-23 വർഷം സ്പിൽ ഓവറായി നടപ്പാക്കിയ 88-ാം നമ്പർ അങ്കണവാടി പുനരുദ്ധാരണം (S0033/23) എന്ന പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്നും ടെണ്ടർ ഡിഡക്ഷൻ കുറവ് ചെയ്യാതെ ഫൈനൽ പേയ്മെന്റ് നൽകിയതുവഴി അധികം തുക ചെലവഴിക്കാനിടയായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ബിൽ വിവരം | രൂ. 3,14,421 (മെയിന്റനൻസ്-ഗ്രാന്റ് നോൺ റോഡ്") ബിൽ നം. 22050852016700456685/ 24-08-2022 |
| കരാറുകാരൻ | ശ്രീ. ജോൺസൺ വി.ജെ. |
| പ്രവൃത്തിമൂല്യം | രൂ. 280733 |
| ടെണ്ടർ വ്യതിയാനം | എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 8.6% കുറവ് |

പ്രവൃത്തി പൂർത്തീകരിച്ച് കരാറുകാരന് ബിൽ തുക മാറി നൽകിയപ്പോൾ ആകെ പ്രവൃത്തിമൂല്യത്തിൽ നിന്നും ടെണ്ടർ ഡിഡക്ഷന്റെ മൂല്യം കുറവ് ചെയ്യാതെയാണ് കരാറുകാരന് തുക അനുവദിച്ചത്. അതുവഴി 27,040 രൂപ യുടെ നഷ്ടം ഉണ്ടായിട്ടുണ്ട് (2,80,733 X 8.6/100+12% GST). അധികം നൽകിയ 27,040 രൂപ തിരികെ ഈടാക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/2022-23, തീയതി: 04-12-2023), തുക ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

**1-23 തുമ്പൂർ അങ്കണവാടി- പുതിയ കെട്ടിടം നിർമ്മിച്ചിട്ടും പ്രവർത്തനം ആരംഭിച്ചില്ല**

2021-22 വർഷം 11.55 ലക്ഷം രൂപ അടങ്കൽ നിശ്ചയിച്ച് തുമ്പൂർ അങ്കണവാടി നിർമ്മാണത്തിനുള്ള പദ്ധതി ആവിഷ്കരിക്കുകയുണ്ടായി. 20-07-2022-ൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചുവെങ്കിലും നാളിതുവരെ അങ്കണവാടി തുറന്ന് പ്രവർത്തിപ്പിക്കുവാൻ സാധിച്ചിട്ടില്ല. 2022-23 വർഷം കെട്ടിടനിർമ്മാണത്തിനായി 11,55,837 രൂപ ചെലവഴിക്കുകയുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | എസ്.0035/23 |
| ജില്ലാപഞ്ചായത്ത് | 7,00,000 |
| ധനകാര്യകമ്മീഷൻ | 21,837 |
| ബ്ലോക്ക് പഞ്ചായത്ത് | 4,34,000 |
| **ആകെ** | **11,55,837** |

2022-23 സാമ്പത്തിക വർഷംതന്നെ ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഉപയോഗിച്ച് കെട്ടിടത്തിന്റെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾക്കായി (പ്രോജക്ട് നം. എസ്.0161/23) 97,231 രൂപ ചെലവഴിച്ചെങ്കിലും വൈദ്യുതി കണക്ഷൻ ലഭ്യമായിട്ടില്ല. നിർമ്മാണം പൂർത്തിയാക്കിയ അങ്കണവാടി തുറന്ന് പ്രവർത്തിക്കുന്നില്ലായെന്ന് ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ ബോധ്യപ്പെട്ടു. ഇത്രയും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടും അങ്കണവാടി തുറന്ന് പ്രവർത്തിപ്പിക്കാത്തതിന്റെ കാരണം വ്യക്തമാക്കുവാൻ

നിർദ്ദേശിച്ചുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകുകയുണ്ടായി (നം.24/2022-23, തീയതി 07-12-2023). അങ്കണവാടി നിർമ്മിച്ചിട്ടുള്ളത് റോഡിന് തൊട്ട് അരികിലായതിനാൽ ചുറ്റുമതിൽ കൂടി നിർമ്മിക്കേണ്ടതുണ്ടെന്നും പ്രസ്തുത പ്രവൃത്തി നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും മറുപടിയായി അറിയിച്ചിട്ടുണ്ട്.

ചുറ്റുമതിലിന്റെ നിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കി, കെട്ടിടത്തിലേക്ക് ആവശ്യമായ വൈദ്യുതി കണക്ഷനും ലഭ്യമാക്കി അങ്കണവാടിയുടെ പ്രവർത്തനം നടപ്പ് സാമ്പത്തിക വർഷം തന്നെ ആരംഭിക്കുന്നതിന് ഭരണസമിതി ശ്രദ്ധപതിപ്പിക്കേണ്ടതാണ്.

## 1-24 ആസ്തികൾ പൊതുജനങ്ങൾക്ക് പ്രയോജനപ്രദമാകുന്നില്ല-അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടത് അനിവാര്യം

2021-22 സാമ്പത്തിക വർഷം പുങ്കപ്പാറ ബസ്സ്റ്റാന്റ്, കോട്ടാങ്ങൽ മൃഗാശുപത്രി എന്നിവിടങ്ങളിലായി പണികഴിപ്പിച്ച 2 വഴിയിടങ്ങൾ (പൊതു ശൗചാലയം), അധികൃതരുടെ അനാസ്ഥമൂലം പൊതുജനങ്ങൾക്ക് ഉപയോഗിക്കാൻ സാധിക്കാതെയായിതീർന്നു.

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 27-07-2020-ലെ സ.ഉ.(സാധാ) നം. 1401/2020/തസ്വഭവ. പ്രകാരം 2020-21 വാർഷിക പദ്ധതിയിൽ പ്രത്യേക പരിഗണന നൽകേണ്ട പന്ത്രണ്ടിന പരിപാടികളിൽ ടേക്ക്-എ- ബ്രേക്ക് വിശ്രമ കേന്ദ്രങ്ങളും പൊതുടോയ്‌ലറ്റുകളും പദ്ധതിയിൽ ഉൾപ്പെടുത്തി പൊതു ശുചിമുറികളുടെ നവീകരണവും നിർമ്മാണവും സംബന്ധിച്ച് മാർഗ്ഗരേഖ പുറപ്പെടുവിച്ചിരുന്നു. മാർഗ്ഗരേഖ പ്രകാരം ഓരോ പഞ്ചായത്ത് പ്രദേശത്തും ഉയർന്ന നിലവാരമുള്ള രണ്ട് പൊതു ശുചിമുറി സമുച്ചയങ്ങൾ നിർമ്മിക്കുക (സംസ്ഥാന/ദേശീയ പാതയോരങ്ങൾ, വാണിജ്യകേന്ദ്രങ്ങൾ/പൊതു ഇടങ്ങൾക്ക് സമീപം, ബസ്സ്റ്റാന്റ്, ബസ്സ്റ്റോപ്പ് എന്നിവിടങ്ങൾ) എന്നതായിരുന്നു ലക്ഷ്യമിട്ടിരുന്നത്.

ഇപ്രകാരം നിർമ്മിച്ച രണ്ട് വഴിയിടങ്ങളാണ് പൊതുജനങ്ങൾക്ക് ഉപയോഗപ്രദമല്ലാതായി തീർന്നിട്ടുള്ളത്. 3,61,875 രൂപ ചെലവഴിച്ച് പുങ്കപ്പാറ ബസ് സ്റ്റാന്റിൽ നിർമ്മിച്ച 'ടേക്ക്-എ-ബ്രേക്ക്' (വഴിയിടം) കെട്ടിടം, 3,95,664 രൂപ ചെലവഴിച്ച് കോട്ടാങ്ങൽ മൃഗാശുപത്രിക്ക് സമീപം നിർമ്മിച്ച 'ടേക്ക്-എ-ബ്രേക്ക്' എന്നിവയാണ് അവ. ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ, മൃഗാശുപത്രിക്ക് സമീപമുള്ള വഴിയിടം മുറ്റം കാട് വളർന്ന്, അതിലേക്കുള്ള പ്രവേശന മാർഗ്ഗം തന്നെ അടഞ്ഞിരിക്കുകയാണ് എന്ന് കണ്ടു. പുങ്കപ്പാറ ബസ്സ്റ്റാന്റിൽ പണികഴിപ്പിച്ചിട്ടുള്ള ശൗചാലയത്തിൽ വെള്ളവും വെളിച്ചവും ഇല്ലാത്തതിനാൽ പൊതു ജനങ്ങൾ ഉപേക്ഷിച്ചിരിക്കുകയാണ്. 7.57 ലക്ഷം രൂപ മുടക്കി നിർമ്മിച്ച ആസ്തികൾ ഇപ്രകാരം പ്രയോജനപ്രദമാകാതെ കിടക്കുന്നത് ഓഡിറ്റ് എൻക്വയറിമൂലം (നം. 24/2022-23, തീയതി: 07-12-2023) അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി.

ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ, പ്രസ്തുത വഴിയിടങ്ങൾ നിർമ്മിച്ച വേളയിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് തുക വകയിരുത്തിയിരുന്നില്ലായെന്നും അടിസ്ഥാന സൗകര്യങ്ങളുടെ പരിമിതിമൂലമാണ് ശൗചാലയങ്ങൾ പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കാൻ സാധിക്കാതിരുന്നതെന്നും അറിയിക്കുകയുണ്ടായി. നടപ്പ് സാമ്പത്തിക വർഷം ശൗചാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് പൊതുജനങ്ങൾക്കായി തുറന്നു കൊടുക്കുമെന്നും അറിയിച്ചിട്ടുണ്ട്. അനുബന്ധ സൗകര്യങ്ങൾ അടിയന്തിരമായി ഏർപ്പെടുത്തി ആസ്തികൾ പൊതുജനങ്ങൾക്ക് പ്രയോജനപ്രദമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.






### 1-25 അഗതികൾക്ക് ഭക്ഷണം നൽകുന്നില്ല

ഗ്രാമപഞ്ചായത്ത് നടപ്പാക്കിവരുന്ന അഗതിരഹിത കേരളം പദ്ധതി പ്രകാരമുള്ള പ്രധാന ഇനമായ ഭക്ഷണ വിതരണം നിലച്ചു. അവസാനമായി കിറ്റ് നൽകിയത് 2023 ഓഗസ്റ്റിലാണ്. പദ്ധതിയുടെ അക്കൗണ്ടിൽ 2.04 ലക്ഷം രൂപ നീക്കിയിരിപ്പുണ്ടായിട്ടും ഭക്ഷണക്കിറ്റ് നൽകുന്നില്ല.

2019ൽ ആരംഭിച്ച പ്രോജക്ടിൽ നിലവിൽ 236 കുടുംബങ്ങൾ ഉൾപ്പെട്ടിട്ടുള്ളതായി രേഖകൾ വ്യക്തമാക്കുന്നു. ഭക്ഷണം, മരുന്ന്, ഭൂമി, വീട്, ടോയ്ലറ്റ് മുതലായ അതിജീവന ആവശ്യങ്ങൾ നിറവേറ്റപ്പെടേണ്ട നിരവധി പേർ പദ്ധതിയിലുണ്ടെന്ന് പ്രോജക്ട് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ടു. 3.99 കോടി രൂപ ചലഞ്ച് ഫണ്ടും, 19.53 കോടി രൂപ ഗ്രാമപഞ്ചായത്തിന്റെ പ്ലാൻ ഫണ്ടും ഉൾപ്പെടെ 5.95 കോടി രൂപ അടങ്കൽ നിശ്ചയിച്ചിട്ടുള്ള പ്രസ്തുത പ്രോജക്ടിലേക്ക് ഗ്രാമപഞ്ചായത്ത് വിഹിതമായി നൽകിയത് 13 ലക്ഷം രൂപ മാത്രമാണ്. ചലഞ്ച് ഫണ്ടിനത്തിൽ 24,52,996 രൂപയും ലഭിച്ചു. നിലവിൽ അക്കൗണ്ടിൽ 2,04,294 രൂപ നീക്കിയിരിപ്പുണ്ട്.

പദ്ധതിയിലുൾപ്പെട്ടവരുടെ അതിജീവന ആവശ്യങ്ങൾ നിറവേറപ്പെട്ടിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| അതിജീവന ആവശ്യം | പ്രോജക്ട് പ്രകാരമുള്ള ഗുണഭോക്താക്കൾ | പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ചവർ |
|---|---|---|
| ഭൂമി | 9 | 0 |
| വീട് | 19 | 0 |
| ശൗചാലയം | 7 | 0 |
| വീട് വൈദ്യുതീകരണം | 13 | 0 |
| വീട് പുനരുദ്ധാരണം | 143 | 23 |
| കുടിവെള്ളം | 54 | 0 |

ഇതു കൂടാതെ ഗുണഭോക്താക്കളുടെ ചികിത്സ, വസ്ത്രം, വിദ്യാഭ്യാസം മുതലായ മറ്റ് അതിജീവന ആവശ്യങ്ങളും പരിഗണിച്ചിട്ടില്ല. പദ്ധതി നിരന്തരം മോണിറ്റർ ചെയ്യുന്നതിനായി ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ മൂന്നു മാസത്തിലൊരിക്കൽ യോഗം ചേരേണ്ട ഉപസമിതി 2022-23ൽ രണ്ടു തവണ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത് (06.04.2022 & 15.11.2022). ഉപസമിതി യോഗത്തിൽ അഗതികളുടെ സ്ഥിതിവിവരം സംബന്ധിച്ച ചർച്ചകൾ നടന്നിട്ടില്ല. ഉപസമിതി മിനിട്സ് യഥാസമയം ക്ലോസ് ചെയ്യുന്നില്ല. അവസാനമായി ചേർന്ന ഉപസമിതിയുടെ യോഗത്തിൽ (26.04.2023) പങ്കെടുത്തവരുടെ പേരും ഒപ്പും മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുകയോ മിനിട്സ് ക്ലോസ് ചെയ്യുകയോ ചെയ്തിട്ടില്ല. ഉപസമിതിയുടെ റിപ്പോർട്ട്, വിഷയനിർണ്ണയ സമിതിയിലും പഞ്ചായത്ത് കമ്മറ്റിയിലും ചർച്ച ചെയ്തിട്ടില്ല. ഓഡിറ്റ് എൻക്വയറി നൽകിയതിനെത്തുടർന്ന് മിനിട്സ് പൂർത്തിയാക്കി, സിഡിഎസ് ചെയർ പേഴ്സൺ ഒപ്പിട്ട്, പരിശോധനയ്ക്ക് ലഭ്യമാക്കി.

അർഹതയുണ്ടായിട്ടും സാമൂഹ്യ ക്ഷേമ പെൻഷൻ ലഭിക്കാത്ത എത്ര അഗതികളാണ് പട്ടികയിലുള്ളത് എന്ന വിവരം പഞ്ചായത്തിൽ ഇല്ല. അർഹരായവർക്ക് പെൻഷൻ അനുവദിക്കാൻ നടപടി സ്വീകരിച്ചിട്ടില്ല.

ഫണ്ട് ഉണ്ടായിട്ടും ഭക്ഷണക്കിറ്റ് നൽകാതിരിക്കുന്നതിന്റെയും, പ്രോജക്ട് ഫലപ്രദമായി നടപ്പിലാക്കാതിരുന്നതിന്റെയും കാരണം ആരായുന്നതിന് അസിസ്റ്റന്റ് സെക്രട്ടറിക്ക് ഓഡിറ്റ് എൻക്വയറി (നം.25/07.12.2023) നൽകി. മതിയായ ഫണ്ട് ലഭിക്കാത്തതാണ് പദ്ധതി മന്ദഗതിയിലാകാൻ കാരണമെന്ന്

മറുപടി ലഭ്യമാക്കി. പഞ്ചായത്തിന് ലഭിച്ച പ്ലാൻഫണ്ടിൽ 16,99,297 രൂപയാണ് തൻവർഷം ലാപ്സാക്കിയത്. അതിനാൽ ഈ വാദം നിലനിൽക്കുന്നതല്ല.

പഞ്ചായത്ത് ആവിഷ്കരിക്കുന്ന എല്ലാ പ്രോജക്ടുകളിലും പ്രഥമ പരിഗണന അർഹിക്കുന്നവരാണ് അഗതി കുടുംബങ്ങൾ. ഭൂമി, വീട്, ശൗചാലയം തുടങ്ങി വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്നതിനായി എല്ലാ വർഷവും ഗ്രാമപഞ്ചായത്ത് പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. ലൈഫ് പദ്ധതിയിൽ 90 പേർക്ക് വീട് നൽകിയപ്പോഴും അഗതിരഹിത കേരളം പദ്ധതിയിലെ ഭൂമിയില്ലാത്ത 9 പേരും വീടില്ലാത്ത 19 പേരും അവഗണിക്കപ്പെട്ടു. ആനുകൂല്യം കാത്തു കഴിയുന്ന അഗതികൾക്ക് പരിഗണന നൽകാതിരിക്കുന്ന വിഷയം ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഈ വിഷയത്തിൽ ഫലപ്രദമായ തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-26 സംയുക്ത പദ്ധതികൾക്ക് ലഭിച്ച തുക വിനിയോഗിച്ചില്ല; തുക തിരിച്ചടയ്ക്കണം

ഗ്രാമപഞ്ചായത്തിന്റെ 31-03-2023 ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം സംയുക്ത പദ്ധതികളുടെ നിർവഹണത്തിനായി ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് ലഭിച്ച തുകയിൽ **14,55,658** രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വിവരണം | തുക |
|---|---|---|
| 1 | Contribution For Joint Venture Projects For Capital Exp. (Block Panchayat) | 5,00,000 |
| 2 | Contribution For Joint Venture Projects For Revenue Exp. (Block Panchayat) | 6,90,275 |
| 3 | Contribution For Joint Venture Projects For Revenue Exp. (Dist. Panchayat) | 2,46,083 |
| 4 | Contribution For Other Specific Purposes (Dist. Panchayat) | 19,300 |
| | **Total** | **14,55,658** |

തുക ലഭിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും പണം വിനിയോഗിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് ക്രമവിരുദ്ധമായ സംഗതിയാണ്. സംയുക്ത പദ്ധതിക്ക് ലഭിക്കുന്ന തുക അതത് വർഷം തന്നെ ചെലവഴിക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്. ഇപ്രകാരം തുക അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നതിന് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/06-12-2023), തുക ഉടൻതന്നെ കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കി വിവരം റിപ്പോർട്ട് ചെയ്യുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടികളുടെ വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-27 ലൈഫ് പദ്ധതി ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിലെ ലൈഫ് പദ്ധതി ഗുണഭോക്താക്കളിൽ ചുവടെ ചേർത്തിരിക്കുന്നവർ നാളിതുവരെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേരും വിലാസവും | കൈപ്പറ്റിയ തുക | അവസാനത്തെ ഗഡു കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | വിനീത് പി വിജയൻ, പുല്ലാന്തിപ്പാറ വീട്, കോട്ടാങ്ങൽ | 200000 | 29.11.2022 |
| 2 | സുരേഷ് എ. ആർ, ആശാരികാലായിൽ, കോട്ടാങ്ങൽ | 40000 | 30.03.2021 |
| 3 | ഹലീമബീവി, അമ്പാട്ടുകുന്നേൽ, ചുങ്കപ്പാറ | 40000 | 16.08.2018 |
| 4 | സന്തോഷ് പോൾ, കളങ്ങര, കോട്ടാങ്ങൽ | 40000 | 01.11.2021 |

വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/04.12.2023) മറുപടിയായി ക്രമ നം 1 ഗുണഭോക്താവ് തറയുടെ പണി പൂർത്തീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ക്രമ നം 3,4,5 ഗുണഭോക്താക്കൾ പണി ആരംഭിച്ചിട്ടില്ലെന്നും നൽകിയ തുകതിരികെ ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് / അനുവദിച്ച തുക പലിശ സഹിതം തിരികെ ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-28 എസ്റ്റിമേറ്റ്/റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ വീഴ്ച

ശരിയായ അന്വേഷണമോ, സൈറ്റ് പരിശോധനയോ ഇല്ലാതെ തിടുക്കത്തിൽ പൊതുമരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതായും, വേണ്ടത്ര പരിശോധന കൂടാതെ സാങ്കേതിക അനുമതി നൽകുന്നതായും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഇതുമൂലം പ്രവൃത്തി പൂർണ്ണമായി പൂർത്തിയായതിനുശേഷമോ ഭാഗികമായി പൂർത്തിയാക്കിയശേഷമോ, സർക്കാരിൽനിന്നുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് ഇടയായിട്ടുണ്ട്.

ഒരു നിർമ്മാണ പ്രവൃത്തി നടപ്പാക്കിവരുമ്പോൾ ഒറിജിനൽ പ്രോജക്ടിൽ വിഭാവന ചെയ്ത ഏതെങ്കിലും പ്രവൃത്തികൾ ഒഴിവാക്കുകയോ, കൂട്ടിചേർക്കുകയോ, മാറ്റം വരുത്തുകയോ ചെയ്യേണ്ടിവരുന്ന സാഹചര്യം പ്രതീക്ഷിക്കുകയാണെങ്കിൽ ആ പ്രവൃത്തിയുടെ ഭേദഗതി ചെയ്ത എസ്റ്റിമേറ്റ് തയ്യാറാക്കി കാലതാമസം കൂടാതെ സാങ്കേതികാനുമതി തേടേണ്ടതാണ്. പ്രവൃത്തി പൂർത്തിയാക്കിയതിനുശേഷമോ നിർവ്വഹണത്തിൽ വളരെയേറെ പുരോഗതി ഉണ്ടായതിനു ശേഷമോ സമർപ്പിക്കുന്ന റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി നൽകാൻ പാടില്ല (പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ സ.ഉ.(കൈ.)നം.17/2018/തസ്വഭവ, തീ.02.02.2018 ഖ.3.8.2). ചുവടെ ചേർക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷമാണ് സാങ്കേതികാനുമതി ലഭിച്ചിട്ടുള്ളത്.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | പ്രവൃത്തി പൂർത്തിയാക്കിയ തീയതി | റിവൈസ്ഡ് എസ്റ്റിമേറ്റിന് ഭരണാനുമതി വാങ്ങിയ തീയതി | റിവൈസ്ഡ് എസ്റ്റിമേറ്റിന് സാങ്കേതികാനുമതി വാങ്ങിയ തീയതി |
|---|---|---|---|---|
| 1 | ഗവ: LPS കല്ലുത്തൂർ നവീകരണം- 30/23<br>കരാറുകാരൻ – ശ്രീ ഹരിലാൽ പി.ജെ.<br>കരാർ നം. -25/AE/LSGD /KTGL/2021-22<br>അടങ്കൽ – 310000<br>ചെലവ് – 309864<br>ബിൽ നം. 1474281/25-03-2023 | 13-03-2023 | 12-12-2022 | 24-03-2023 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു (നം.5/04-12-2023). എൻക്വയറിക്ക് മറുപടിയായി, മതിയായ ഉദ്യോഗസ്ഥരുടെ അഭാവവും ജോലി സംബന്ധമായ തിരക്കും കാരണമാണ് യഥാസമയം എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നേടാൻ സാധിക്കാതെ പോയതെന്നും ആയത് മനപൂർവ്വമല്ലാത്ത വീഴ്ചയായി കരുതണമെന്നും അഭിപ്രായപ്പെടുകയുണ്ടായി. ആയത് പരിഗണിക്കുന്നു. ഭാവിയിൽ ഇത്തരം വീഴ്ചകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-29 കമ്പ്യൂട്ടറുകൾക്ക് എഎംസി – കരാറിലെ വ്യവസ്ഥകൾ പാലിച്ചില്ല – ഫ്രീ സർവ്വീസ് നഷ്ടമായി

ഗ്രാമപഞ്ചായത്തിലെ പതിനൊന്ന് കമ്പ്യൂട്ടറുകൾക്കും ഒരു സെർവർ കമ്പ്യൂട്ടറിനും കെൽട്രോൺ മുഖേന വാർഷിക മെയിന്റനൻസ് കരാറിൽ ഏർപ്പെടുന്നതിനായി ആവിഷ്കരിച്ച പ്രോജക്ട് (175/2023- കമ്പ്യൂട്ടർ

അനുബന്ധ സാമഗ്രികൾക്ക് എ.എം.സി. പുതുക്കൽ) പ്രകാരം 65962 രൂപ കെൽട്രോണിന് നൽകി. കെൽട്രോണുമായി 27.02.2023 ൽ കരാർ ഒപ്പുവച്ചിട്ടുണ്ട്. കരാർ വ്യവസ്ഥയിലെ ക്രമ നം. 2.2 പ്രകാരം പ്രിവന്റീവ് മെയിന്റനൻസ്, ത്രൈമാസ സർവ്വീസ് എന്നിവ പാക്കേജിന്റെ ഭാഗമാണ്. ക്രമ നം.2.14 പ്രകാരം എല്ലാ കമ്പ്യൂട്ടറുകൾക്കും അനുബന്ധ ഉപകരണങ്ങൾക്കും ബാറ്ററികൾക്കും ഒരു കലണ്ടർ വർഷത്തിൽ കുറഞ്ഞത് നാല് തവണയെങ്കിലും പ്രിവെന്റീവ് മെയിന്റനൻസും ജനറൽ സർവീസും നടത്തുന്നതാണ്. എന്നാൽ നാളിതുവരെ കെൽട്രോൺ ഈ വ്യവസ്ഥ പാലിച്ചിട്ടില്ല. അതിനാൽ കരാർ പ്രകാരമുള്ള ത്രൈമാസ ഫ്രീ സർവ്വീസ് മൂന്നെണ്ണം നഷ്ടമായി. ഈ വിഷയം കെൽട്രോണിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിച്ചില്ല.

**രജിസ്റ്റർ കൃത്യമല്ല**

AMCയിൽ ഉൾപ്പെട്ട കമ്പ്യൂട്ടറുകളുടെ വിവരം ഹാർഡ് വെയർ രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ കരാർ കാലയളവിൽ AMC പ്രകാരമുള്ള സർവ്വീസ് നടത്തിയിട്ടുള്ളതിന്റെ വിശദാംശം രേഖപ്പെടുത്തിയിട്ടില്ല. AMCയിൽ ഉൾപ്പെടുന്ന ഇലക്ട്രോണിക് ഉപകരണങ്ങളുടെ പരിപാലനം സംബന്ധിച്ച വിശദാംശങ്ങൾ ഒരു കമ്പ്യൂട്ടർ രജിസ്റ്ററിൽ പ്രത്യേകം സൂക്ഷിക്കേണ്ടതാണെന്നും, അനുബന്ധം 2, 2A, 2B എന്നിവ ഇതിനായി ഉപയോഗിക്കേണ്ടതാണെന്നും 11.11.2014ലെ സർക്കുലർ നം.74207/ ഐ.ബി.1/2013/ തസ്വഭവ നിഷ്കർഷിക്കുന്നു.

അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. കരാർ പ്രകാരമുള്ള എല്ലാ ഫ്രീ സർവ്വീസും ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും, സർക്കുലറിൽ പറഞ്ഞിട്ടുള്ള പ്രകാരം രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്.

## 1-30 അനുപൂരക പോഷകാഹാര പദ്ധതി- സ്റ്റോക്ക് വിവരം രേഖപ്പെടുത്തുന്നതിൽ വീഴ്ച

അനുപൂരക പോഷകാഹാര പദ്ധതിയിൽ ഭക്ഷ്യ വസ്തുക്കളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി പരിപാലിച്ചിട്ടില്ല. സാധനങ്ങൾ ലഭിച്ച് മാസങ്ങൾക്ക് ശേഷമാണ് പലപ്പോഴും സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നത്. അതിൽ തന്നെ കൃത്യത പാലിക്കുന്നില്ല. ഉദാഹരണത്തിന് 22.12.2022-ൽ ലഭിച്ച സാധനങ്ങൾ രേഖപ്പെടുത്തിയതിന് ശേഷമാണ് 10.10.2022-ൽ ലഭിച്ച സാധനങ്ങൾ സ്റ്റോക്കിൽ ചേർത്തിരിക്കുന്നത്. അതേപോലെ 03.03.2022 വരെ ലഭിച്ച സാധനങ്ങൾ രേഖപ്പെടുത്തിയതിന് ശേഷമാണ് 07.12.2022-ൽ ലഭിച്ച സാധനങ്ങൾ സ്റ്റോക്കിൽ ചേർത്തിരിക്കുന്നത്. സ്റ്റോക്ക് രജിസ്റ്ററിലെ വിതരണ വിവരം സൂപ്പർവൈസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

കൂടാതെ പല സാധനങ്ങളുടെയും വിവരം സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. ഉദാഹരണത്തിന് വാഴൂർ മാവേലിസ്റ്റോറിന്റെ 30.09.2022-ലെ 030311/22301 നമ്പർ ബിൽ പ്രകാരം ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെ പേരിൽ 450 കിലോഗ്രാം അരി ഇഷ്യൂ ചെയ്തിട്ടുണ്ട്. എന്നാൽ ഇതിന്റെ സ്റ്റോക്ക്-വിതരണ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ അങ്കണവാടികളിലെ സ്റ്റോക്ക് രജിസ്റ്ററുകളിൽ അരി ലഭിച്ചതിന്റെ വിവരം രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/06.12.2023) മറുപടിയായി മാവേലിസ്റ്റോറിൽ നിന്നും വിതരണം ചെയ്ത അരി സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കാൻ വിട്ടുപോയതാണെന്ന് അറിയിച്ചിട്ടുണ്ട്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാനും യഥാസമയം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-31 ശുചിത്വ -മാലിന്യ സംസ്കരണ പ്രവൃത്തികളുടെ പുരോഗതി നിരീക്ഷിക്കേണ്ടതാണ്

**സ്മാർട്ട്ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം**

നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി ശുചിത്വമിഷന്റെയും ഹരിത കേരളം മിഷന്റെയും മേൽനോട്ടത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്ന ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ, തദ്ദേശസ്ഥാപനതലം മുതൽ സംസ്ഥാനതലം വരെയുള്ള ഏകീകൃത നിരീക്ഷണത്തിനായി തയ്യാറാക്കിയതാണ് ഹരിതമിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം ആപ്ലിക്കേഷൻ. നിലവിൽ ഗ്രാമപഞ്ചായത്തിലെ 76% കെട്ടിടങ്ങൾ ഹരിതമിത്രം പോർട്ടലിൽ എൻറോൾ ചെയ്തിട്ടുണ്ട്. ഹരിതമിത്രം പോർട്ടലിലെ വിവരങ്ങൾ പ്രകാരം 4272 വീടുകളുടെയും 428 മറ്റ് കെട്ടിടങ്ങളുടെയും എൻറോൾമെന്റ് പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളവയുടെ കൂടി എൻറോൾമെന്റ് പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

**ഹരിതകർമ്മസേന പ്രവർത്തനം – യൂസർ ഫീ പൂർണ്ണമായും ഈടാക്കുന്നില്ല**

ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മ സേനയ്ക്ക് നിലവിൽ ശരാശരി 1.5 ലക്ഷം രൂപയാണ് യൂസർഫീയായി ലഭിക്കുന്നത്. വീടുകളിൽ നിന്നും 50 രൂപയും മറ്റ് സ്ഥാപനങ്ങളിൽ നിന്നും 100 രൂപയുമാണ് ഓരോ മാസവും ഫീസായി ഈടാക്കുന്നത്. ഹരിതമിത്രം പോർട്ടലിലെ എൻറോൾമെന്റ് വിവരവുമായി താരതമ്യപ്പെടുത്തുമ്പോൾ യൂസർ ഫീ ഇനത്തിൽ കുറവ് കാണുന്നു. ഹരിതമിത്രം പോർട്ടലിലെ വിവരങ്ങൾ പ്രകാരം 4272 വീടുകളുടെയും 428 മറ്റ് കെട്ടിടങ്ങളുടെയും എൻറോൾമെന്റ് നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഇവരിൽ നിന്നു തന്നെ കുറഞ്ഞത് 2.5 ലക്ഷം രൂപ ഓരോ മാസവും ഫീസായി ലഭിക്കേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തിലെ മുഴുവൻ വീടുകളും, വാണിജ്യ-വ്യവസായ-വ്യാപാര-ഓഫീസ് സ്ഥാപനങ്ങളും ഹരിതകർമ്മസേനാ മാലിന്യ പദ്ധതിയിൽ അംഗമാകണമെന്ന് 12.08.2020 -ലെ നം. 1496/2020 ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

100% വീടുകളും 100% വ്യാപാര/ഇതരസ്ഥാപനങ്ങളും യൂസർഫീ നൽകുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടത് തദ്ദേശഭരണ സ്ഥാപനത്തിന്റെ ചുമതലയാണ്. കൂടാതെ 31.03.2023-ലെ സ.ഉ.(സാധാ) നം.789/2023 ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഹരിത കർമ്മസേനയ്ക്ക് യൂസർ ഫീസ് നൽകാത്തവരിൽ നിന്നും യൂസർ ഫീസ് കുടിശ്ശിക വരുത്തുന്നവരിൽ നിന്നും ടി തുക വസ്തു നികുതി കുടിശ്ശികയായി കണക്കാക്കി ഈടാക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സർക്കാർ ഉത്തരവുകളിലെയും മാർഗ്ഗനിർദ്ദേശങ്ങളിലെയും നിർദ്ദേശങ്ങൾ പാലിച്ച് യൂസർ ഫീസ് പൂർണ്ണമായി പിരിച്ചെടുക്കുന്നതിനായി ശ്രദ്ധിക്കേണ്ടതാണ്.

**എംസിഎഫിൽനിന്നുള്ള മാലിന്യ നീക്കം ഫലപ്രദമല്ല**

മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റിയിൽ ശേഖരിക്കപ്പെടുന്ന അജൈവ മാലിന്യം നീക്കം ചെയ്യുന്നതിന് ക്ലീൻ കേരള കമ്പനിയുമായി 2021ൽ കരാറിലേർപ്പെട്ടിട്ടുണ്ട്. എന്നാൽ മാലിന്യം പൂർണ്ണമായും നീക്കം ചെയ്യപ്പെടുന്നില്ല. ക്ലീൻ കേരള കമ്പനിക്ക് തുക നൽകുന്നതിനായി പ്രോജക്ട് നം.75/2023 പ്രകാരം 24770 രൂപ ചെലവഴിച്ചിട്ടുണ്ട്. ഭൗതിക പരിശോധനയിൽ, എംസിഎഫ് നിറയെ മാലിന്യം ഉള്ളതായി കണ്ടു. 2023ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ യഥാക്രമം 690 കി.ഗ്രാം, 368കി.ഗ്രാം വീതമാണ് ക്ലീൻ കേരള കമ്പനി എടുത്ത മാലിന്യത്തിന്റെ അളവ്. എംസിഎഫിൽനിന്ന് മുഴുവൻ മാലിന്യവും കൃത്യമായ ഇടവേളകളിൽ എടുത്തുകൊള്ളാമെന്ന് കമ്പനിയും പഞ്ചായത്തുമായി കരാർ ഉള്ളതാണ്. കരാർ വ്യവസ്ഥ പാലിക്കുന്നുണ്ടെന്ന് പഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതാണ്.

**സുതാര്യത ഉറപ്പാക്കണം**

എംസിഎഫിൽനിന്ന് ക്ലീൻ കേരള കമ്പനി മാലിന്യം എടുക്കുന്നത് പഞ്ചായത്തിലെ ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിലല്ല. അതിനാൽ കമ്പനി കൊണ്ടുപോകുന്ന മാലിന്യത്തിന്റെ അളവ് സംബന്ധിച്ച് സുതാര്യതയില്ല. കമ്പനി നൽകുന്ന കത്തിന്റെ അടിസ്ഥാനത്തിൽ തുക നൽകുന്ന രീതിയാണുള്ളത്. എംസിഎഫിലെ ഉപയോഗത്തിനായി വാങ്ങിയ ഇലക്ട്രോണിക് ത്രാസ്സ് നാളിതുവരെ ഉപയോഗിച്ചിട്ടില്ല.

നിലവിൽ മാലിന്യം തരംതിരിക്കുന്ന ജോലികൾ നടന്നുവരുന്നു. തരംതിരിക്കുന്ന മാലിന്യത്തിന്റെ തൂക്കം പരിശോധിച്ച് കമ്പനിക്ക് കൈമാറുന്ന സമയത്ത് പഞ്ചായത്തിലെ ഉദ്യോഗസ്ഥരുടെ സാന്നിധ്യം ഉറപ്പുവരുത്തേണ്ടതാണ്.

## ഭാഗം –2

## വരവ്–വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം –3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കരാർ പ്രകാരം ചെയ്യാത്ത പ്രവൃത്തിക്ക് പ്രതിഫലം നൽകി- 20,765 രൂപയുടെ നഷ്ടം

കോട്ടാങ്ങൽ-കുളയാംകുഴി റോഡ് മെയിന്റനൻസിന്റെ ഭാഗമായി കരിങ്കല്ല് ഉപയോഗിച്ച് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് (DR Masonry) Bond Stone ഉപയോഗിച്ച് നിർമ്മാണം നടത്തുന്നതിനുള്ള

സ്പെസിഫിക്കേഷനും (DSR 75.7.1) നിരക്കുമാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ എസ്റ്റിമേറ്റിൽ പറഞ്ഞിട്ടുള്ള പ്രകാരം Bond Stone ഈ പ്രവൃത്തിക്ക് ഉപയോഗിച്ചിട്ടില്ലെന്ന് വ്യക്തമായി. കരാർ പ്രകാരം ചെയ്യാത്ത പ്രവൃത്തിക്ക് കരാറുകാരന് പ്രതിഫലം നൽകിയതുവഴി പഞ്ചായത്ത് ഫണ്ടിന് 20,765 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ലഘുിക 1-21 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 3-2 88-ാം നമ്പർ അങ്കണവാടി പുനരുദ്ധാരണം-ടെണ്ടർ ഡിഡക്ഷൻ ബില്ലിൽ കുറവ് ചെയ്തില്ല -27,040 രൂപ യുടെ നഷ്ടം

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2022-23 വർഷം സ്പിൽ ഓവറായി നടപ്പാക്കിയ 88-ാം നമ്പർ അങ്കണവാടി പുനരുദ്ധാരണം (S0033/23) എന്ന പ്രവൃത്തി പൂർത്തീകരിച്ച് കരാറുകാരന് ബിൽ തുക മാറി നൽകിയപ്പോൾ ആകെ പ്രവൃത്തിമൂല്യത്തിൽ നിന്നും ടെണ്ടർ ഡിഡക്ഷന്റെ മൂല്യം കുറവ് ചെയ്യാതെയാണ് കരാറുകാരന് തുക അനുവദിച്ചത്. അതുവഴി മെയിന്റനൻസ് ഫണ്ടിന് 27,040 രൂപ യുടെ നഷ്ടം ഉണ്ടായിട്ടുണ്ട് (2,80,733 X 8.6/100+12% GST). വിശദാംശങ്ങൾ ലഘുിക 1-22 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 3-3 ജി.എസ്.ടി സർചാർജ് - തനത് ഫണ്ടിൽ നിന്ന് ലേറ്റ് ഫീസ് ഒടുക്കി

2020-21, 2021-22 വർഷങ്ങളിലെ ജി.എസ്.ടി റിട്ടേൺസ്, നിശ്ചിത സമയപരിധിക്കകം ഫയൽ ചെയ്യാതിരുന്നതുമൂലം ലേറ്റ് ഫീസായി പഞ്ചായത്ത് ഫണ്ടിൽ നിന്നും 88,840 രൂപ ഒടുക്കേണ്ടതായിവന്നിട്ടുള്ളത് അധികൃതരുടെ ഭാഗത്തുനിന്നുള്ള വീഴ്ചയായതിനാൽ, തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക ഓഡിറ്റിൽ നിരാകരിക്കുന്നു. വിശദാംശങ്ങൾക്ക് ലഘുിക 1-19 കാണുക.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 14,00,000 | ലൈഫ് ഭവന പദ്ധതി-ജനറൽ (എസ്.0046/23) | 14,00,000 | ഇല്ല |
| " | 40,000 | ലൈഫ് 2020 എസ്.സി. (എസ്.0177/23) | 40,000 | |
| " | 4,40,000 | ലൈഫ് ഭവന പദ്ധതി-എസ്.സി. (എസ്.0090/23) | 4,40,000 | |
| " | 19,29,000 | ലൈഫ് ഭവന പദ്ധതി-ജനറൽ (എസ്.0168/22) | 19,29,000 | |
| " | 50,000 | അങ്കണവാടി അനുപൂരകപോഷകാഹാരം വിതരണം (എസ്.0001/23) | 50,000 | |
| " | 1,15,805 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (എസ്.0054/23) | 1,15,805 | |
| " | 1,14,086 | മൃഗാശുപത്രി കെട്ടിടം ഇലക്ട്രിഫിക്കേഷൻ (എസ്.0142/23) | 1,14,086 | |
| " | 4,34,000 | ഇന്നൂർ അങ്കണവാടി നിർമ്മാണം (എസ്.0035/23) | 4,34,000 | |

| | | | | |
|---|---|---|---|---|
| " | 97,231 | ഇസ്യൂർ അങ്കണവാടി ഭൗതികസാഹചര്യം മെച്ചപ്പെടുത്തൽ (എസ്.0161/23) | 97,231 | |
| " | 2,83,180 | പാലിന് സബ്സിഡി (എസ്.0058/23) | 2,83,180 | |
| " | 50,000 | ആശ്രയ പദ്ധതി (എസ്.0013/23) | 50,000 | |
| | | | | |
| ജില്ലാ പഞ്ചായത്ത് | 2,00,000 | ലൈഫ് ഭവന പദ്ധതി-3-ാം ഘട്ടം-ഭൂരഹിത ഭവന രഹിതരുടെ പുനരധിവാസം (എസ്.0045/23) | 2,00,000 | ഇല്ല |
| " | 9,60,000 | ലൈഫ് ഭവന പദ്ധതി-ജനറൽ (എസ്.0046/23) | 9,60,000 | |
| " | 7,20,000 | ലൈഫ് 2020 എസ്.സി. (എസ്.0177/23) | 7,20,000 | |
| " | 40,000 | ലൈഫ് ഭവന പദ്ധതി-എസ്.സി. (എസ്.0090/23) | 40,000 | |
| " | 1470000 | ലൈഫ് ഭവന പദ്ധതി-ജനറൽ (എസ്.0071/22) | 1470000 | |
| " | 5,27,651 | പാലിന് സബ്സിഡി (എസ്.0058/23) | 5,27,651 | |
| " | 7,00,000 | ഇസ്യൂർ അങ്കണവാടി നിർമ്മാണം (എസ്.0035/23) | 7,00,000 | |

## 4-2 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തികൾക്കായി ചെലവഴിച്ച തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഏജൻസി | പദ്ധതിയുടെ പേര് (പ്രോജക്ട് നം.) | തുക | വിനിയോഗ സാക്ഷ്യപത്രം |
|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | മോട്ടർ പമ്പ് സെറ്റ് സ്ഥാപിക്കൽ (S0181/23) | 14,50,000 | ലഭിച്ചിട്ടില്ല |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ വാർഡ് -11 (S0121/23) | 58,938 | ലഭിച്ചിട്ടില്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശ്യം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | 51,35,180 | 30,67,180 | 12,19,424 | — | 18,47,756 |

ലോൺ തുകയുടെ നീക്കിയിരിപ്പും വാർഷിക കണക്കിലെ തുകയുടെ നീക്കിയിരിപ്പുമായി 3,44,697 രൂപയുടെ വ്യത്യാസം ഉണ്ട്.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപേരും | രസീത് നമ്പർ & തീയതി |
|---|---|---|---|---|
| 2018-19 | 1-12 | 70110 | ചെയർ പേഴ്സൺ, കുടുംബശ്രീ | 122000180 27.12.2022 |
| 2020-21 | 1-14 | 3000 | മാനേജർ, ഖാലിക്കപ്പാവിൽ ട്രാൻസ്പോർട്ടിംഗ്, പുങ്കപ്പാറ | 1220102794 12-01-2023 |
| 2020-21 | 1-14 | 1250 | സെക്രട്ടറി, കോട്ടാങ്ങൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, പുങ്കപ്പാറ | 1230100918 31-07-2023 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-1 | 2016-17 | 2-1 | തൊഴിൽ നികുതി-അപാകതകൾ | പരാമർശം നിലനിൽക്കുന്നു |
| 2015-16 | 2-4 | 2016-17 | 2-2 | തൊഴിൽ നികുതി-അപാകതകൾ | " |

## 4-8 ചാർജ്/സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (റസീറ്റ് & പേയ്മെന്റ് പ്രകാരം) (മുന്നിരിപ്പ് ഉൾപ്പെടെ) | 3,50,64,115 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 2,48,20,571 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (കേന്ദ്ര-സംസ്ഥാന സർക്കാരിനുള്ള നഷ്ടം ഉൾപ്പെടെ) | 1,36,645 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

**ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് | സർചാർജ് | |

| | ചെയ്യാവുന്നവ | ചെയ്യാവുന്നവ | |
|---|---|---|---|
| 1-19 | — | 88,840 | 1)ശ്രീമതി ബിന്ദു എ. ജോയി, സെക്രട്ടറി<br>2)ശ്രീ. ശ്രീകുമാർ എം.ആർ. അക്കൗണ്ടന്റ് |
| 1-21 | — | 20,765 | ശ്രീ. വിപിൻനാഥ് എസ്.എസ്. അസി.എഞ്ചിനീയർ |
| 1-22 | — | 27,040 | " |

**ബി) തടസ്സപ്പെടുത്തിയ തുക**

ഇല്ല

**സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം**

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീ. വിപിൻനാഥ് എസ്.എസ്. അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, കുറ്റിച്ചൽ ഗ്രാമപഞ്ചായത്ത് തിരുവനന്തപുരം | അനഘ, രവിവർമ്മ ലെയിൻ, ബി5 ആറ്റിങ്ങൽ-695101 |
| 2 | ശ്രീമതി ബിന്ദു എ. ജോയി സെക്രട്ടറി | സെക്രട്ടറി, കോട്ടാങ്ങൽ ഗ്രാമ പഞ്ചായത്ത് | അമ്പലവേലിൽ ഹൗസ്, പാമ്പാടി, കുരോപ്പട പി.ഒ കോട്ടയം -686502 |
| 3 | ശ്രീ. ശ്രീകുമാർ എം.ആർ. അക്കൗണ്ടന്റ് | ഹെഡ് ക്ലർക്ക്, ആനിക്കാട് ഗ്രാമ പഞ്ചായത്ത് | ഉത്രാലയം, പാലസ്സാത്തകിടി പി.ഒ, കല്ലൂപ്പാറ -689581 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ, തീയതി | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2002-03 | എൽ.എഫ്.പി.റ്റി.എ-പി.5.180/08 തീയതി 25.10.08/30.09.09 | 8 (3-16, 3-17a,b,c, 3-18a,b, 3-19, 3-20) |
| 2003-04 | എൽ.എഫ്.പി.റ്റി.എ-പി.8/146/10 തീയതി 06.10.10/26.04.11 | 3 (3-5a,b, 3-6a, 3-6, 3-7, 3-8) |
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി.7.1090/11 തീയതി 05.01.12/05.07.13 | 6 (3-2, 3-3, 3-4, 3-5 ,3-6, 4-2) |
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി.7.1089/11 | 9 |

| | | |
|---|---|---|
| | തീയതി 05.01.12/05.07.13 | (2-1, 2-2, 2-3, 2-4, 3-3, 3-4, 4-2, 4-4, 4-5) |
| 2006-07 | എൽ.എഫ്.പി.റ്റി.എ-പി.7.1086/11 തീയതി 05.01.12/05.07.13 | 4 (3-1, 3-3,3-5,3-7) |
| 2007-08 | എൽ.എഫ്.പി.റ്റി.എ-പി.7.1087/11 തീയതി 05.01.12/05.07.13 | 7 (3-1, 3-3, 3-4, 3-5, 3-12, 3-14,3-15) |
| 2008-09 | എൽ.എഫ്.പി.റ്റി.എ-പി.7.1091/11 തീയതി 05.01.12/05.07.13 | 4 (3-1, 3-4, 3-5, 3-7) |
| 2009-10, 2010-11 | എൽ.എഫ്.പി.റ്റി.എ-പി.7/640/13 തീയതി 17.12.13/06.05.14 | 4 (3-1, 3-3, 3-5, 3-6) |
| 2011-12 | എൽ.എഫ്.പി.റ്റി.എ-പി.7/641/13 തീയതി 17.12.13/14.05.14 | 13 |
| 2012-13 | എൽ.എഫ്.പി.റ്റി.എ-പി.7/186/15 തീയതി 30-03-15/ 08.04.15. | 3 (3-2, 3-4, 3-5) |
| 2013-14 | എൽ.എഫ്.പി.റ്റി. എ.പി7/455 /2015തീയതി. 25-7-2015/29-7-2015 | 1 (2-2 (1,2,3) |
| 2014-15 | കെഎസ്എപിറ്റിഎപി7/679(എ)/2016 തീയതി 22.6.2016 | 8 (2-1, 2-2, 2-3, 2-4, 2-7, 3-1, 3-2, 3-3) |
| 2015-16 | കെഎസ്എപിറ്റിഎപി7/1319/2016 തീയതി 3.12.2016 | 5 (2-2, 2-4, 3-5, 3-8, 3-10) |
| 2016-17 | കെഎസ്എപിറ്റിഎപി7/911/17/തീയതി-16.8.17 | 20 (2-1,2-3,2-4,2-5,2-7(a), 2-7(b), 2-7, 2-8, 2-9, 3-1,3-2,3-3,3-4,3-5,3-6, 3-7,3-9,3-13, 3-14,3-15) |
| 2017-18 | കെഎസ്എപിറ്റിഎപി13/29 /19/തീയതി-10.1.19 | 22 (2-1,2-3,2-5,2-6,2-7,2-8,3-2, 3-3,3-4,3-5,3-6,3-7,3-8,3-9,3-10, 3-11,3-13,3-17,3-19,3-20,3-22,3-25) |
| 2018-19 | കെഎസ്എപിറ്റിഎപി13/149 /2020/തീയതി-4.5.2020 | 16 (1-12, 1-14, 1-15, 1-16, 1-17, 1-21, 1-22, 1-23, 1-24, 1-25, 1-27, 1-32, 1-33, 1-34, 3-1, 4-3) |
| 2019-20 | കെഎസ്എപിറ്റിഎപി7/490/2021 തീയതി- 5.8.2021 | 11 (1-2, 1-9, 1-12, 1-13, 1-14, 1-15, 1-24, 1-25, 4-2, 4-7, 4-10) |
| 2020-21 | കെഎസ്എപിറ്റിഎപി7/491/2021 തീയതി- 27.8.2021 | 11 (1-2, 1-9, 1-12, 1-13, 1-14, 1-15, 1-21, 1-22, 1-23, 4-7, 4-10) |
| 2021-22 | കെഎസ്എപിറ്റിഎപി7-1297/22 തീയതി- 06/12/2022 | 21 (1-2, 1-9, 1-11, 1-13, 1-14,1-15, 1-16, 1-17, 1-19, 1-20, 1-21, 1-23, 1-24, 1-27, 1-28,1-29, 1-30, 1-31, 1-32, 4-7, 4-9) |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് ഓഫീസ്

പത്തനംതിട്ട

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 8 (2) dated 14-06-2023 and submitted on 26-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the KOTTANGAL Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of KOTTANGAL Grama Panchayat for the year 2022-2023

**Date: 12/12/2023**

**Deputy Director**
**District Office Pathanamthitta**
**Kerala State Audit Department**

# Audit Report appended to the Audit Certificate of KOTTANGAL Grama Panchayat for the Year 2022-2023 .

**1.Major Observations**

1. The asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register.

**2.Other Observations**

1. The mandatory financial statements such as notes on account and ratios prescribed in accounting rules were not submitted for audit.

2. Cash Flow statement -Net increase/decrease in cash flow Rs. 16,03,364 does not match with the difference between opening balance and closing balance of cash and cash equivalents- Rs.35,76,388.

3. Lapses in making timely and accurate demand entries in respect of tax and non tax revenue.

4. Registers not maintained properly- Deposit Registers were not maintained for deposit works in various Implementing Agencies.

5. Amount shown as Outstanding liability in the loan A/c does not match with the actual loan amount.

6. Employment Guarantee Scheme-Income and Expenditure figures and advances as per Annual Financial Statement does not match the actual figures.

7.The outstanding balance of Beneficiary contribution A/c is not accurate and reliable for audit.

8.Schedule B-15: Receivables of Redemption- There is a difference of Rs.3 lakhs between the amount recorded in the Annual Financial Statement and the actual amount.

9. Amount received from Dist. Panchayat for Joint Venture Project (Anganwadi Construction) has not been included in the Receipt & Payment Account.

10.There are no supporting documents to substantiate the journal vouchers recorded.

11.Other Insurance charge & Pension Contribution-Full time Contingent Staff- The amount is recorded as negative.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ കോട്ടാങ്ങൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്